# റിഫ്ഖൻ അഹ്ലസ്സുന്നക്ക്

## അൽ-അല്ലാമത്തു-
## ന്നജ്മിയുടെ

رحمه الله تعالى

## മനോഹരമായ
## മറുപടി

بسم الله الرحمن الرحيم

# വിവർത്തകന്റെ ആമുഖം

സഊദി അറേബ്യയിൽ ഇന്നും ജീവിച്ചിരിക്കുന്ന പണ്ഡിതനായ അബ്ദുൽ മുഹ്സിൻ അൽ അബ്ബാദ് (حفظه الله) യുടെ "രിഫ്ഖൻ അഹ്ലസ്സുന്ന ബി അഹ്ലിസ്സുന്ന" എന്ന കൃതിയെ നിരൂപണം ചെയ്തുകൊണ്ട് അഷെയ്ഖ് അഹ്മദ് ബിന് യഹ്യ അന്നജ്മി (رحمه الله) എഴുതിയ രിസാലയുടെ വിവർത്തനമാണിത്, ഉലമാക്കൾ തെറ്റുകളിൽ നിന്ന് മുക്തരല്ല, അവരുടെ തെറ്റുകളെ അവരോടുള്ള എല്ലാ ബഹുമാനവും നിലനിർത്തികൊണ്ട് തന്നെ നാം ഒഴിവാക്കേണ്ടതുണ്ട്, അതുപോലെ പണ്ഡിതന്മാർക്ക് സംഭവിച്ചിട്ടുള്ള അത്തരം തെറ്റുകളെ ദുർവിനിയോഗം ചെയ്യുന്നവരെയും നാം സൂക്ഷിക്കേണ്ടതുണ്ട്, കേരളത്തിൽ സലഫിയ്യത്ത് അവകാശപെടുന്ന ഒട്ടുമിക്ക സംഘങ്ങളും തങ്ങളുടെ പിഴച്ചവാദങ്ങളെ ന്യായീകരിക്കാൻ വേണ്ടി ഉപയോഗിക്കുന്ന ഒന്നാണ് ഷെയ്ഖ് അബ്ദുൽ മുഹ്സിൻ (حفظه الله) യുടെ രിഫ്ഖൻ ബൈന അഹ്ലിസുന്ന എന്ന കൃതി, അതിനാൽ ആ കൃതിയിൽ സംഭവിച്ചിട്ടുള്ള അബദ്ധങ്ങളെ നിരൂപണം ചെയ്തുകൊണ്ടും അതിൽ നിന്ന് പിന്മാറാനുള്ള നസ്വീഹത്തായികൊണ്ടും സൗദി അറേബ്യയിലെ തന്നെ തലമുതിർന്ന പണ്ഡിതനും ദക്ഷിണ പ്രവിശ്യയിലെ മുൻ മുഫ്ത്തിയുമായ ഷെയ്ഖ് അഹ്മദ് ബിന് യഹ്യ അന്നജ്മി (رحمه الله) മറ്റൊരു രിസാല എഴുതി, ഈ രണ്ടുപേരും അഹ്ലുസുന്നയുടെ ശ്രേഷ്ഠരായ പണ്ഡിതന്മാരാണ്, എന്നാൽ ഇവടുത്തെ സഹചര്യമെന്നത് ഇമാം മുജാഹിദ് ഇബ്ന് ജബ്ർ (رحمه الله) പറഞ്ഞത് പോലെയാണ്: "അല്ലാഹുവിന്റെ റസൂൽ ﷺ ഒഴികെ ആരും തന്നെയില്ല അവന്റെ സംസാരത്തിൽ നിന്ന് സ്വീകരിക്കപെടുകയും തള്ളപ്പെടുന്നതുമായിട്ടല്ലാതെ".

ഈ വാക്കുകൾ നമുക്ക് മനസ്സിലാക്കി തരുന്നത് അഹ്ലു സുന്നക്കിടയിൽ ഒരു ശ്രേഷ്ഠനായ വ്യക്തി മറ്റൊരു ശ്രേഷ്ഠനായ

വ്യക്തിയാൽ ഖണ്ഡിക്കപ്പെടാം. അതുപോലെ ഒരു ശ്രേഷ്ഠനായ വ്യക്തി തന്നേക്കാൾ ശ്രേഷ്ഠനായവനാലോ അല്ലാത്തവനാലോ ഖണ്ഡിക്കപ്പെടാം, അവർ ഇങ്ങനെ ചെയ്തിരുന്നതിന് പിന്നിലെ ലക്ഷ്യം ബാതിലിൽ നിന്ന് അകന്നു നിൽക്കാൻ പരസ്പരം സഹായിക്കുക എന്നതാണ്. അതിനുള്ള മനോഹരമായ ഉദാഹരണങ്ങളിൽ ഒന്നാണ് ഖുർആൻ സുന്നതിനാൽ നസ്ഖ് ചെയ്യപെടുകയില്ല എന്ന് ഇമാം ഷാഫിഈ (رحمه الله) അഭിപ്രായപ്പെട്ടപ്പോൾ, അൽ-കയാ അൽ-ഹറാസി (رحمه الله) ഇമാം ഷാഫിയെ (رحمه الله) ഖണ്ഡിച്ചുകൊണ്ട് പറഞ്ഞത്: "ഉന്നത പണ്ഡിതന്മാരുടെ വീഴ്ച്ചകൾ അവരുടെ പദവികൾക്ക് അനുസരിച്ചാകുന്നു, ആരുടെ അബദ്ധമാണോ എണ്ണപ്പെടുന്നത് അവന്റെ പദവി മഹത്വമുള്ളതാകും".

അതിനെക്കാൾ മനോഹരമായിരുന്നു ഈ വിഷയത്തിൽ അബ്ദുൽ ജബ്ബാർ ബിന് അഹ്മദ് (رحمه الله) ഇമാം ഷാഫിഈക്ക് (رحمه الله) നൽകിയ മറുപടി, അദ്ദേഹം പറഞ്ഞു : "ഈ വ്യക്തി വലിയവനാണ് എന്നാൽ ഹഖ് ഇദ്ദേഹത്തെക്കാൾ വലുതാണ്".

ഇങ്ങനെ പണ്ഡിതന്മാർക്ക് തെറ്റുകൾ സംഭവിക്കുകയും ആ തെറ്റ സംഭവിച്ച പണ്ഡിതന്മാർ ഖണ്ഡിക്കപ്പെടുകയും ചെയ്യുന്ന സംഭവങ്ങൾ ഒരുപാടാണ്, ഈ കാലഘട്ടത്തിൽ അതിനുള്ള ഉദാഹരണങ്ങളിലൊന്നാണ് മേൽ പറഞ്ഞ കൃതി, ഇത്പോലെ തന്നെ ഹിസ്ബികളെയും ഹവയുടെയും ആളുകളെ സന്തോഷിപ്പിച്ച സമാനമായ രണ്ടു കൃതികളാണ് ഷെയ്ഖ് ബക്കർ അബൂ സൈതിന്റെ (رحمه الله) "തസ്നീഫുന്നാസി ബൈന ദ്വന്നി വൽ യഖീൻ" എന്ന രിസാലയും ഷെയ്ഖ് സ്വാലിഹ് അസ്സുഹൈമിയുടെ "തൻബീഹു ദവിൽ അഫ്ഹാമം" എന്ന രിസാലയും.

ഹഖ്ഖിലേക്ക് മടങ്ങാനാഗ്രഹിക്കുന്ന കേരളത്തിലെ മുസ്‌ലിങ്ങൾക്കുള്ള നസ്വീഹത്തായും അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ചും മാത്രമാണ് ഈ വിവർത്തനം.

അല്ലാഹു ഇതൊരു സദ്പ്രവർത്തനമായി സ്വീകരിക്കുമാറാകട്ടെ, ആമീൻ.

**അഷെയ്ഖ് അൽ അല്ലാമ അന്നജ്മി (رحمه الله) പറയുന്നു :**

ഹിജ്റ വർഷം 1424 മുഹറ്റം പത്ത് വ്യഴാഴ്ച്ച രാത്രി എനിക്ക് താങ്കളിൽ [അഷെയ്ഖ് അബ്ദുൽ മുഹ്സിൻ (حفظه الله)] നിന്ന് എന്നെ അനുശാസിക്കുന്നവനായികൊണ്ട് ഒരു ഫൊൺകോൾ ലഭിച്ചു,

താങ്കൾ (അതിൽ) പറയുന്നു :

താങ്കളുടെ പുസ്തകമായ **രിഫ്ഖൻ ബൈന അഹ്ലിസ്സുന്ന** എന്ന പുസ്തകം ഒരു ബിദ്അത്തുകാരനല്ലാതെ വിതരണം ചെയ്യുകയില്ലയെന്ന് ഞാൻ ഒരു ചോദ്യകർത്താവിനോട് പറയുന്നതായി താങ്കൾക്ക് ഒരു കോൾ ലഭിച്ചുവെന്ന്,

ഞാൻ (അഷെയ്ഖ് നജ്മി (رحمه الله)) പറയട്ടെ :

അള്ളാഹുവിനറിയാം ഞാൻ താങ്കളെ ഒരു ബിദ്അത്തുകാരനാക്കിയിട്ടില്ല, താങ്കളെ ബിദ്അത്തുകാരനാക്കാൻ ഞാൻ ഉദ്ദേശിച്ചിട്ടുമില്ല, കാരണം ഞാൻ താങ്കളെ പരിഗണിച്ചിട്ടുള്ളത് സുന്നത്തിന്റെ പ്രചാരണത്തിൽ പരിശ്രമിക്കുന്ന അഹ്ലുസ്സുന്നായിലെ ഒരുവനായിട്ടാണ്, പക്ഷെ താങ്കളുടെ ഈ പുസ്തകത്തിന്റെ (രിഫ്ഖൻ ബൈന അഹ്ലസ്സുന്നായുടെ) രചന, താങ്കൾ ഇപ്പോഴും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നതും കാലങ്ങളായി ജനങ്ങൾക്ക് പഠിപ്പിച്ചുകൊണ്ടിരിക്കുന്നതുമായ സുന്നത്തിനോടുള്ള അപമാനമായിട്ടാണ് ഞാൻ പരിഗണിക്കുന്നത്, അത് ഞാൻ വിശ്വസിക്കുന്നത് പ്രകാരം താങ്കൾ ഒരിക്കലും സുന്നത്തിനെ അപമാനിക്കുവാനായി ഉദ്ദേശിച്ചിട്ടില്ലെങ്കിൽ പോലും, എന്നാൽ ഞാൻ ഊഹിക്കുന്നത്പ്രകാരം താങ്കളുടെ ജല്പന രണ്ടുപക്ഷങ്ങൾക്കിടയിൽ തീർപ്പുണ്ടാക്കാനായിരുന്നു: തങ്ങളുടെ ആവേശം കാരണത്താൽ മധ്യമ നിലപാടിൽ നിന്ന് പുറത്തുപോയ ആവേശക്കാരായ പക്ഷവും, മധ്യമ നിലപാടുകാരായ പക്ഷവും, അള്ളാഹുവാണ് നന്നായറിയുന്നവൻ.

എന്നാൽ ബിദ്അത്തിന്റെ ആളുകൾക്കെതിരെ സംസാരിക്കുന്നതിൽ നിന്നും അവരെ നിരൂപണം ചെയ്യുന്നതിൽ നിന്നും സലഫികളെ നിരുത്സാഹപ്പെടുത്തുന്നതിനെ പ്രകടമാക്കുന്ന

ഈ പുസ്തകത്തിന്റെ രചനയിലൂടെ താങ്കൾ മോശം പ്രവൃത്തിച്ചിരിക്കുകയാണ് ചെയ്തത്.

**രണ്ടാമതായി :**

അതിൽ (താങ്കളുടെ പുസ്തകത്തിൽ) നിന്ന് പ്രകടമാകുന്നത് അവരിൽ (സലഫികളിൽ) നിന്ന് സംഭവിച്ച ബിദ്അത്തുകാർക്കെതിരെയുള്ള സംസാരത്തിനാൽ താങ്കൾ അവരെ തെറ്റുകാരാക്കുകയും, അതുകാരണം അവരെ അപകീർത്തിപ്പെടുത്തുകയും പഴിക്കുകയും ചെയ്യുന്നതാണ്.

**മൂന്നാമതായി :**

ബിദ്അത്തുകാർക്ക് എതിരെയുള്ള സംസാരം അള്ളാഹുവിലേക്ക് സാമീപ്യം നേടാനുള്ളതിൽ വെച്ച് ഏറ്റവും ശ്രേഷ്ഠമായ കാര്യമാണെന്നതിന് പകരം അതിനെ വമ്പിച്ച അപരാധങ്ങളിൽ വെച്ച് ഏറ്റവും വലിയ അപരാധമാക്കുകയാണ് താങ്കൾ ചെയ്തിട്ടുള്ളത്.

ഇമാം അഹ്മദ് ബിൻ ഹൻബൽ (رحمه الله) യോട് പറയപ്പെട്ടു: "ഒരാൾ നമസ്കരിക്കുന്നു, നോമ്പനുഷ്ഠിക്കുന്നു, ഖുർആൻ പാരായണം ചെയ്യുന്നു, മറ്റൊരാൾ ബിദ്അത്തുകാർക്കെതിരിൽ സംസാരിക്കുന്നു, അപ്പോൾ അദ്ദേഹം (ഇമാം അഹ്മദ് (رحمه الله)) പറഞ്ഞു: "ഏതൊരുവൻ നമസ്കരിക്കുകയും, നോമ്പനുഷ്ഠിക്കുകയും, ഖുർആൻ പാരായണം ചെയ്യുകയും ചെയ്യുന്നുവോ അത് അവന്റെ സ്വന്തത്തിന് വേണ്ടിയാണ്, ഏതൊരുവൻ ബിദ്അത്തുകാർക്കെതിരിൽ സംസാരിക്കുന്നുവോ അത് ജനങ്ങൾക്ക് വേണ്ടിയാണ്, അതായത് അദ്ദേഹത്തിന്റെ പ്രയോജനം ജനങ്ങളിലേക്കാണ് മടങ്ങുന്നത്, അവരെ (ജനങ്ങളെ) അദ്ദേഹം ബിദ്അത്തുകാരിൽ നിന്ന് താക്കീത് ചെയ്യുന്നു എന്നതിനാൽ".

**നാലാമതായി :**

ബിദ്അത്തിന്റെ ആളുകൾ താങ്കളുടെ ഈ നിലപാടിനെ മുതലെടുത്തിരിക്കുന്നു, എന്നിട്ടവർ താങ്കളെ അവരുടെ പരിരക്ഷകനും അവർക്ക് വേണ്ടി വാദിക്കുന്നവനുമാക്കി, അതിനാൽ നമുക്ക് എത്തിയത് (അറിയിച്ച് തന്നത്) പ്രകാരം അവർ താങ്കളുടെ പുസ്തകത്തിന്റെ നൂറുകണക്കിന്, മറിച്ച് ആയിരക്കണക്കിന് പതിപ്പുകളെടുക്കാനും അത് വിതരണം ചെയ്യാനും തുടങ്ങിയിരിക്കുന്നു, അതിനാൽ താങ്കൾ നോക്കുക, ഈ പുസ്തകം കാരണം ആർക്കാണ് താങ്കൾ പ്രയോജനം നൽകിയതെന്നും ആരുടെ വരിയിലാണ് താങ്കൾ വന്നുപെട്ടതെന്നും?

**അഞ്ചാമതായി :**

താങ്കൾ അതിലൂടെ (രചനയിലൂടെ) ഏറ്റവും മോശപെട്ടതിനെ ഏറ്റവും ഉത്തമമായതിന് പകരമാക്കിയിരിക്കുന്നു!! അതായത്, താങ്കൾക്കാണ് ഏറ്റവും നന്നായി അറിയാവുന്നത്, സലഫികളെ സഹായിക്കുകയും അവരെ പ്രതിരോധിക്കുകയും ചെയ്യുന്നതിനേക്കാൾ ബിദ്അത്തിന്റെ ആളുകളെ സഹായിക്കുന്നതും അവരെ പ്രതിരോധിക്കുന്നതും താങ്കൾ പകരം വെച്ചിരിക്കുന്നു, താങ്കൾ അത് അറിഞ്ഞാലും ഇല്ലെങ്കിലും തീർച്ചയായും അത് സംഭവിച്ചിരിക്കുന്നു!! അതിനാൽ താങ്കളുടെ പുസ്തകത്താൽ ഏതൊരുവനാണ് സന്തോഷിച്ചതെന്നും ഏതൊരുവനാണ് ദുഃഖിച്ചതെന്നും താങ്കൾ നോക്കുക!!

യാതൊരു സംശയവുമില്ല അതുകാരണം സന്തോഷിച്ചത് ഹിസ്ബികളും ദുഃഖിച്ചത് സലഫികളുമാണ്, അതുകൊണ്ട് തന്നെ തീർച്ചയായും ഹഖ്ഖിലേക്ക് മനോഹരമായ ഒരു മടക്കം താങ്കളെ (അല്ലാഹു) മടക്കുവാനായി സലഫികൾ അല്ലാഹുവിനോട് പ്രാർത്ഥിക്കുകയാണ്, കൂടാതെ താങ്കളെ സുന്നത്തിന്റെ പ്രചാരകരിൽ ഉൾപെടുത്തിയത് പോലെ അതിന്റെ പ്രതിരോധകരിലും സംരക്ഷകരിലും ഒരാളാക്കാനും അവർ (സലഫികൾ) അവനോട് (അല്ലാഹുവോട്) ചോദിക്കുകയാണ്.

**ആറാമതായി :**

"എന്റെ വാചകം കേൾക്കുകയും അത് ഹൃദിസ്ഥമാക്കുകയും അത് കേൾക്കാത്തവനിലേക്ക് അതിനെ എത്തിച്ചു കൊടുക്കുകയും ചെയ്തവനെ (അവന്റെ മുഖത്തെ) അല്ലാഹു പ്രകാശിപ്പിക്കട്ടെ" എന്ന ഹദീസിന്റെ സനദിനെ (ശൃംഖലകളെ) ഒരുമിച്ചു കൂട്ടി പഠനവിധേയമാക്കുന്ന താങ്കളുടെ പുസ്തകത്തെ മുപ്പതിലേറെ വർഷങ്ങൾക്ക് മുന്നെ ഞാൻ വായിക്കുകയും അതിനാൽ താങ്കളോടെനിക്ക് സ്നേഹം കൂടുകയും താങ്കളെ ഞാൻ മഹനീയനായി മനസ്സിലാക്കുകയും ചെയ്തു, ഹദീസിന്റെ (വിഷയങ്ങളിൽ) താങ്കൾക്ക് ചില ദർസുകൾ ഉണ്ടെന്ന് ഞാൻ കേൾക്കുമായിരുന്നു, അതിൽ ചില സദസ്സുകൾ ഈ അടുത്ത ദിവസങ്ങളിൽ റേഡിയോ പ്രക്ഷേപണം വഴി ഞാൻ കേൾക്കുകയും, സനദിലെ ആളുകളെ കുറിച്ചുള്ള വിവരണങ്ങളിലുള്ള താങ്കളുടെ വാചാലമായുള്ള ലളിതാവതരണത്തെ ഞാൻ കേൾക്കുകയും അതിനാൽ താങ്കളോടെനിക്ക് "ഗിബ്ത്വ"(1) തോന്നുകയും താങ്കളെപോലെ സനദിലെ ആളുകളെ മനപ്പാഠമാക്കുന്നതിൽ അല്ലാഹു എനിക്കും തൗഫീക്ക് നൽകിയിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുകയും ചെയ്തു.

**ഏഴാമതായി :**

ഈ കിത്താബിൽ ബിദ്അത്തുകാർക്ക് എതിരിലുള്ള സംസാരം പരദൂഷണമാണ് എന്ന് അവകാശപെട്ടപ്പോൾ താങ്കൾ സ്വന്തത്തെ തന്നെ കുറ്റാരോപിതനാക്കുകയാണ് ചെയ്തിട്ടുള്ളത്, താങ്കൾക്കറിയാം തീർച്ചയായും പരദൂഷണമെന്നാൽ അത് ദീനിനെ തൊട്ട് പ്രതിരോധം ഉദ്ദേശിക്കാതെയുള്ള തികഞ്ഞ ആക്ഷേപമാണ്, എന്നാൽ അത്കൊണ്ട് (ആക്ഷേപംകൊണ്ട്) ഉദ്ദേശിക്കുന്നത് ദീനിനെ തൊട്ടുള്ള പ്രതിരോധമാണെങ്കിൽ

(1) അനുഗ്രഹം നല്കപെട്ട ഒരുവനിൽ നിന്ന് അത് നഷ്ട്ടപെട്ടു പോകാൻ ഉദ്ദേശിക്കതെ അതുപോലെ അനുഗ്രഹം തനിക്കും ലഭിക്കണം എന്ന് ആഗ്രഹിക്കുന്നതിനാണ് ഗിബ്ത എന്ന് പറയുന്നത്, ഇതിനെ ദീനിൽ അനുവദനീയമായ അസൂയയെന്ന് പറയപെടുന്നു, ഇബ്ന് മസ്ഊ'ദ് (رضي الله عنه) നെ തൊട്ട് മുതഫകുൻ അലൈഹി ആയി വന്നിട്ടുള്ള ഹദീസിൽ നിന്ന് മനസ്സിലാകുന്നത് പോലെ.

തീർച്ചയായും അത് പരദൂഷണമാവുകയില്ല, ഇന്നയാൾ മുർജിഅ' ആണ് എന്ന് താങ്കൾ പറയുക തന്നെ വേണം അല്ലെങ്കിൽ അവൻ ഇർജാഅ' കൊണ്ട് ആരോപിക്കപെട്ടിട്ടുണ്ടെന്ന് അതുപോലെ ഇന്നയാൾക്ക് ഖവാരിജുകളുടെ ചിന്താഗതികളാണ് ഉണ്ടായിരുന്നത് അതുപോലെ ഇന്നയാൾ ഖദരിയാണ് അല്ലെങ്കിൽ അവൻ ഖദർ കൊണ്ട് ആരോപിക്കപെട്ടിട്ടുണ്ടെന്ന് എന്നെല്ലാം (പറയുക തന്നെ വേണം), ഇത് (ഇങ്ങനെ പറയുന്നത്) പരദൂഷണമാണ് എന്നാണ് താങ്കൾ പറയുന്നതെങ്കിൽ, പരദൂഷണം ഹറാമാകുന്നു, തീർച്ചയായും ജനങ്ങളെ കുറിച്ച് പരദൂഷണം പറയലും അവരുടെ ഇറച്ചി ഭക്ഷിക്കലും താങ്കളുടെ മേലും ഹറാമാകും.

ഇനി ദീനിന്റെ പ്രതിരോധമുദ്ദേശിച്ചാണെങ്കിൽ പരദൂഷണം അനുവദനീയമാകും എന്നാണ് താങ്കൾ പറയുന്നതെങ്കിൽ നാം പറയുന്നു അതേപോലെ ഇന്നയാൾ ബിദ്അത്തുകാരനാണ് എന്ന് പറയൽ നമുക്കും അനുവദനീയമാണ്, അതുകൊണ്ട് (അങ്ങനെ പറയുന്നത്കൊണ്ട്) നാം ഉദ്ദേശിക്കുന്നത് അയാളുടെ ബിദ്അത്ത് വ്യാപിക്കാതിരിക്കാൻ അയാളെ തൊട്ടുള്ള താക്കീതാണെങ്കിൽ, ബിദ്അത്തുകൾ കൊണ്ട് അറിയപ്പെടാത്ത ഒരാൾക്കെതിരിൽ സംസാരിക്കൽ അനുവദനീയമല്ല എന്നതിൽ ഞങ്ങളും താങ്കളോടൊപ്പമാണ്, ഇനി ഒരാൾ ഒരു ബിദ്അത്ത് കൊണ്ടുവരികയാണെങ്കിൽ എന്നിട്ട് അതിൽ നിന്നവൻ ഉപദേശിക്കപെടുകയും എന്നിട്ടവൻ അത് സ്വീകരിക്കാൻ വിസമ്മതിക്കുകയുമാണെങ്കിൽ അവൻ ഹജ്ർ ചെയ്യപെടേണ്ടതും ഒഴിവാക്കപെടേണ്ടതുമാണ്.

**എട്ടാമതായി :**

താക്കീത് ഉദ്ദേശിച്ചുകൊണ്ടുള്ള പരദൂഷണം അനുവദനീയമാണ് എന്നതിന് ഖുർആനിലും സുന്നത്തിലും വന്നിട്ടുള്ള തെളിവുകൾ നിരവധിയാണ്, അതിനെ സ്വഹാബത്തും താബിഈങ്ങളും അവർക്ക് ശേഷമുള്ളവരായ അഹ്ലുസുന്നയുടെ ഇമാമാരിലും ദീനിന്റെ സംരക്ഷകരിലും പെട്ട ഈ ഉമ്മത്തിന്റെ മുൻകാമികൾ സ്ഥിതീകരിച്ച് ഉറപ്പിച്ചിട്ടുമുണ്ട്,

അള്ളാഹുവിന്റെ കിതാബിൽ നിന്നും അല്ലാഹുവിന്റെ ഈ വാചകം (ഇതിനുള്ള തെളിവാണ്):

"يَا أَيُّهَا النَّبِيُّ جَاهِدِ الْكُفَّارَ وَالْمُنَافِقِينَ وَاغْلُظْ عَلَيْهِمْ ۚ وَمَأْوَاهُمْ جَهَنَّمُ ۖ وَبِئْسَ الْمَصِيرُ"

“അല്ലയോ നബിയേ, കാഫിറുകളോടും, കപടവിശ്വാസികളോടും നീ ജിഹാദ് ചെയ്യുകയും, അവരോട് പരുഷമായി പെരുമാറുകയും ചെയ്യുക. അവർക്കുള്ള സങ്കേതം നരകമത്രെ. ചെന്നുചേരാനുള്ള ആ സ്ഥലം വളരെ ചീത്തതന്നെ”

ഇത് കപടവിശ്വാസികളെ മൊത്തത്തിൽ ഉൾക്കൊള്ളുന്നതാണ് വിശ്വാസപരമായ കാപട്യവും പ്രവർത്തിപരമായ കാപട്യവും, അവരിൽ പെട്ടവരാണ് ബിദ്അത്തുകാർ.

## എന്നാൽ സുന്നത്തിൽ നിന്നുള്ളത്:

അത് ഇമാം അൽ-ബുഖാരി (رحمه الله) ആയിഷാ (رضي الله عنها) യെ തൊട്ട് ഉദ്ധരിക്കുന്ന ഹദീസാണ്, ആയിഷ (رضي الله عنها) പറഞ്ഞു:

ഒരാൾ പ്രവാചകന്റെ അടുക്കൽ പ്രവേശിക്കാൻ അനുവാദം ചോദിച്ചു. അവനെ കണ്ടപ്പോൾ നബി ﷺ പറഞ്ഞു: “തന്റെ ഗോത്രത്തിലെ എത്ര മോശമായ സഹോദരനാണിവൻ, തന്റെ ഗോത്രത്തിലെ എത്ര മോശമായ പുത്രനാണിവൻ” ആ മനുഷ്യൻ ഇരുന്നപ്പോൾ, പ്രവാചകൻ ﷺ അവന്റെ മുഖത്തേക്ക് പ്രസന്നനായി നോക്കുകയും അവനോട് മാന്യമായ രീതിയിൽ പെരുമാറുകയും ചെയ്തു. എന്നിട്ട് ആ വ്യക്തി പോയപ്പോൾ ആയിഷ (رضي الله عنها) നബിയോട് പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, ആ വ്യക്തിയെ കണ്ടപ്പോൾ താങ്കൾ അവനെക്കുറിച്ച് ഇങ്ങനെയും മറ്റും പറഞ്ഞു പിന്നീട് അവന്റെ മുഖത്തേക്ക് പ്രസന്നനായി നോക്കുകയും അവനോട് മാന്യമായ രീതിയിൽ പെരുമാറുകയും ചെയ്തു?" അല്ലാഹുവിന്റെ ദൂതൻ ﷺ പറഞ്ഞു: "ഓ 'ആഇശാ! ധാരാളമായി അശ്ലീലം സംസാരിക്കുന്നവനായി നീ എപ്പോഴാണ് എന്നെ മനസ്സിലാക്കിയത്? തീർച്ചയായും ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും മോശം സ്ഥാനമുള്ളവൻ, ഏതൊരുവന്റെ ഉപദ്രവത്തെ സൂക്ഷിച്ചുകൊണ്ട് ജനങ്ങൾ അവനെ ഉപേക്ഷിക്കുന്നുവോ അവനായിരിക്കും”.

അതുപോലെ തന്നെ ഫാത്തിമ ബിൻത് ഖൈസിന്റെ (رضي الله عنها) ഹദീസ്:

അബൂ അംർ ബിന് ഹഫ്സ് (رضي الله عنه) തന്റെ അസാന്നിധ്യത്തിൽ അവരെ മൂന്നാം ത്വലാഖ് ചെയ്യുകയുണ്ടായി, എന്നിട്ട് തന്റെ പ്രതിനിധിയെ ബാർലിയുമായി അവളുടെ അടുത്തേക്ക് അയച്ചു, അവൾ അതിനോട് അനിഷ്ട്ടം കാണിച്ചു, അപ്പോൾ അദ്ദേഹം പറഞ്ഞു: അല്ലാഹുവാണേ എനിക്ക് നിന്റെ മേൽ ഒന്നും തന്നെ നിർബന്ധമില്ല, അപ്പോൾ അവൾ റസൂൽ ﷺ യുടെ അടുത്തേക്ക് വന്നു എന്നിട്ട് ഈ കാര്യങ്ങളെ കുറിച്ചു അദ്ദേഹത്തെ അറിയിച്ചു, അപ്പോൾ അദ്ദേഹം ﷺ പറഞ്ഞു: നിന്റെ ചിലവ് വഹിക്കൽ

അവനുമേൽ നിർബന്ധമല്ല എന്നിട്ട് അവളോട് ഉമ്മു ശുറൈക്കിന്റെ വീട്ടിൽ ഇദ്ദ ഇരിക്കുവാനായി റസൂൽ ﷺ കൽപ്പിച്ചു, പിന്നീട് അദ്ദേഹം ﷺ പറഞ്ഞു: ആ സ്ത്രീയുടെ അടുക്കൽ എന്റെ സ്വഹാബികൾ കടന്നുവരാറുണ്ട് അതിനാൽ നീ ഇബ്നു ഉമ്മി മക്തൂമിന്റെ (رضي الله عنه) അടുക്കൽ ഇദ്ദ ഇരിക്കുക തീർച്ചയായും അദ്ദേഹം ഒരു അന്ധനാണ്. അതിനാൽ നിനക്കു (അവിടെ) വസ്ത്രം മാറാവുന്നതാണ് എന്നിട്ട് നീ (ഇദ്ദയിൽ നിന്ന്) മോചിതയായാൽ എന്നെ അറിയിക്കുക, അവൾ പറഞ്ഞു: അങ്ങനെ ഞാൻ (ഇദ്ദയിൽ നിന്ന്) മോചിതയായപ്പോൾ മുആവിയ ബിന് അബീ സുഫ്യാനും (رضي الله عنه) അബൂ ജഹ്മും (رضي الله عنه) എന്നോട് വിവാഹാഭ്യർത്ഥന നടത്തിയതായി ഞാൻ നബി ﷺ യെ അറിയിച്ചു.

അപ്പോൾ റസൂൽ ﷺ പറഞ്ഞു: അബൂ ജഹ്മിനെ സംബന്ധിച്ചിടത്തോളം അവൻ തോളിൽ നിന്ന് തന്റെ വടി താഴെ വെക്കാത്തവനാണ്, മുആവിയയെ സംബന്ധിച്ചിടത്തോളം അവൻ ധനം ഒന്നുമില്ലാത്ത ഒരു ദരിദ്രനാണ്, "നീ ഉസാമ ബിന് സൈദിനെ വിവാഹം കഴിക്കുക", എന്നാൽ എനിക്ക് അദ്ദേഹത്തെ അനിഷ്ട്ടമായി, അദ്ദേഹം ﷺ വീണ്ടും പറഞ്ഞു: "നീ ഉസാമ ബിന് സൈദിനെ വിവാഹം കഴിക്കുക" അതിനാൽ ഞാൻ അദ്ദേഹത്തെ വിവാഹം ചെയ്തു അങ്ങനെ അല്ലാഹു അദ്ദേഹത്തിൽ നന്മ പ്രധാനം ചെയ്യുകയും അദ്ദേഹം കാരണം മറ്റു സ്ത്രീകളാൽ അസൂയവെക്കപെടുന്നവളുമായി ഞാൻ.

അത്പോലെ തന്നെ ആയിഷ (رضي الله عنها) യുടെ ഹദീസ് : അവർ (رضي الله عنها) പറഞ്ഞു : അബൂ സുഫ്യാന്റെ ഭാര്യയായ ഹിന്ദ് ബിൻത് ഉത്ബ റസൂൽ (ﷺ) യുടെ അടുത്തേക്ക് പ്രവേശിച്ചു, എന്നിട്ട് പറഞ്ഞു: “തീർച്ചയായും അബൂ സുഫ്യാൻ (رضي الله عنه) ഒരു പിശുക്കുള്ള മനുഷ്യനാണ് അദ്ദേഹം എനിക്കോ എന്റെ മകനോ ചിലവിൽ നിന്ന് മതിയായത് നൽകുന്നില്ല അദ്ദേഹമറിയാതെ ഞാൻ അദ്ദേഹത്തിന്റെ ധനത്തിൽ നിന്ന് എടുക്കുന്നതൊഴികെ, അതിനാൽ എനിക്ക് മേൽ അതിനു വല്ല കുറ്റമുണ്ടോ?” അപ്പോൾ റസൂൽ (ﷺ) പറഞ്ഞു : “നിനക്കും നിന്റെ മകനും മതിയായത്

മാന്യമായി നീ അദ്ദേഹത്തിന്റെ സമ്പത്തിൽ നിന്ന് എടുത്തുകൊള്ളുക."

പിന്നെ അബ്ദുള്ള ബിന് മുഗഫ്ഫൽ (رضي الله عنه) ന്റെ ഹദീസിൽ നിന്ന്, അദ്ദേഹം ഒരാൾ ഖദ്ഫ് ചെയ്യുന്നത് കണ്ടു, അപ്പോൾ അദ്ദേഹം അയാളോട് പറഞ്ഞു: "നീ അങ്ങനെ ചെയ്യരുത്" തീർച്ചയായും റസൂൽ ﷺ ഖദ്ഫിനെ(2) വിലക്കിയിട്ടുണ്ട് അല്ലെങ്കിൽ അതിനെ വെറുത്തിരുന്നു, എന്നിട്ട് അദ്ദേഹം പറഞ്ഞു: "തീർച്ചയായും അതുകൊണ്ട് ശരിയാംവിധം ഒരു വേട്ടമൃഗവും വേട്ടയാടപെടുന്നില്ല, ഒരു ശത്രുവും കീഴടക്കപെടുന്നില്ല എന്നാൽ ചിലപ്പോളത് പല്ലിനെ പൊട്ടിക്കുകയും കണ്ണിനെ തകർക്കുകയും ചെയ്യുന്നു" പിന്നീടതിനു ശേഷം അദ്ദേഹം (വീണ്ടും) അയാൾ അങ്ങനെ ചെയ്യുന്നത് കണ്ടു, അപ്പോൾ അദ്ദേഹം അയാളോട് പറഞ്ഞു: ഞാൻ നിനക്ക് റസൂൽ ﷺ അത് വിലക്കിയിതായോ അല്ലെങ്കിൽ വെറുത്തതായോ ഹദീസ് അറിയിച്ചു തരുന്നു, നീയാകട്ടെ അത് ചെയ്യുകയും ചെയ്യുന്നു, "ഞാൻ നിന്നോട് ഇത്ര ഇത്ര (നാൾ) സംസാരിക്കുകയില്ല".

അതിനു സമാനമായ (ഹദീസ്) അബൂ ബക്രയിൽ നിന്നും വന്നിട്ടുണ്ട്.

ഇനി സലഫുകളിൽ നിന്ന് വന്നിട്ടുള്ളതിനെ സംബന്ധിച്ചിടത്തോളം അത് ഒരുപാടാണ്, അതിൽ പെട്ടതാണ്:

ശുഅ്ബ ബ്നുൽ-ഹജ്ജാജ് (رحمه الله) യെ തൊട്ട് ഉദ്ധരിക്കപെട്ടിട്ടുള്ളത്, അദ്ദേഹം പറഞ്ഞു: "വരു അല്ലാഹുവിന്റെ മാർഗത്തിൽ നമുക്ക് പരദൂഷണം പറയാം".

2. വിരലുകൾക്കിടയിൽ ഇട്ടുകൊണ്ട് ചരൽ കല്ലോ അതുപോലെയുള്ളതോ തെറിപ്പിച്ച് കളിക്കുന്നതിനെയാണ് ഖദ്ഫ് ആയി ഉലമാക്കൾ വിശദീകരിച്ചത്.

അതുപോലെ ആസിം അൽ–അഹ്‌വൽ (رحمه الله) യെ തൊട്ട് ഉദ്ധരിക്കപെട്ടിട്ടുള്ളത്, അദ്ദേഹം പറഞ്ഞു: "ഖത്താദ അംർ ബിന് ഉബൈദിനെ (മുഅ്'തസിലിയെ) ഇകഴ്ത്താറുണ്ടായിരുന്നു, അപ്പോൾ ഞാൻ എന്റെ രണ്ടു മുട്ടുകളുടെ മേൽ (മുട്ടുകുത്തി) നിൽക്കുകയും, അദ്ദേഹത്തോട് ഞാൻ ചോദിക്കുകയും ചെയ്തു: അല്ലെയോ അബൽ–ഖത്താബ് ഈ പണ്ഡിതന്മാർ പരസ്പരം അപകീർത്തിപ്പെടുത്തുന്നോ? അപ്പോൾ അദ്ദേഹം പറഞ്ഞു: അല്ലയോ അഹ്‌വൽ ഒരു വ്യക്തി ബിദ്അത്ത് ചെയ്താൽ സംസാരിക്കപെടുന്നതാണ് അവനെതൊട്ട് മിണ്ടാതിരിക്കുന്നതിനെക്കാൾ നല്ലത്"

അൽ–ഹസ്സൻ ബിനു റബീഅ', ഇബ്നു മുബാറക് (رحمه الله) പറഞ്ഞതായി പറഞ്ഞു: "മുഅല്ലാ ബിന് ഹിലാൽ അവൻ അവാനാണ്, പക്ഷേ അവൻ ഹദീസ് പറയാൻ വന്നാൽ കളവ് പറയും, അദ്ദേഹം പറഞ്ഞു: അപ്പോൾ ചില സൂഫികൾ അദ്ദേഹത്തോട് ചോദിച്ചു: അല്ലയോ അബാ അബ്ദി റഹ്‌മാൻ നിങ്ങൾ പരദൂഷണം പറയുകയോ? അദ്ദേഹം പറഞ്ഞു: നീ മിണ്ടാതിരിക്ക്, നാം ഇത് വിശദീകരിച്ചില്ലെങ്കിൽ എങ്ങനെയാണ് ബാത്തിലിൽ നിന്ന് ഹഖ് തിരിച്ചറിയപെടുക"

അബ്ദുള്ള ബിന് അഹ്‌മദ് (رحمه الله) പറഞ്ഞു: ഞാൻ എന്റെ ഉപ്പയോട് ചോദിച്ചു: "മുർജിഅ' ആയ അല്ലെങ്കിൽ ശീഈ ആയ അതുമല്ലെങ്കിൽ സുന്നത്തിന് എതിരായ ചില കാര്യങ്ങൾ ഉള്ള ഒരു ഷെയ്ഖിന്റെ അടുത്തു ചെല്ലുന്ന ഹദീസിന്റെ വക്താക്കളെ (അഹ്ലുസുന്നയെ) കുറിച്ച് താങ്കൾ എന്ത് പറയുന്നു? അവനെ കുറിച്ച് മിണ്ടാതിരിക്കുക എന്നത് എനിക്ക് അനുയോജ്യമാണോ അതോ ഞാൻ അദ്ദേഹത്തിൽ നിന്നും താക്കീത് ചെയ്യണോ? അപ്പോൾ എന്റെ ഉപ്പ പറഞ്ഞു: അദ്ദേഹം ആ ബിദ്അത്തിലേക്ക് ക്ഷണിക്കുന്ന അതിലെ ഒരു ഇമാമും, അതിലേക്ക് പ്രബോധനം ചെയ്യുന്നവനുമാണെങ്കിൽ, അദ്ദേഹം പറഞ്ഞു: അതെ, അവനെ തൊട്ട് നീ താക്കീത് ചെയ്യണം".

ഹസനുൽ ബസ്രി (رحمه الله) പറഞ്ഞു: "ബിദ്അത്തിന്റെ ആളുകൾക്ക് മേൽ പരദൂഷണമില്ല".

അഫ്ഫാൻ (رحمه الله) പറഞ്ഞു: "ഞങ്ങൾ ഒരിക്കൽ ഇസ്മാഈൽ ബിനു ഉലയ്യയുടെ അടുക്കൽ ഇരിക്കുകയായിരുന്നു, അപ്പോൾ ഒരു വ്യക്തി മറ്റൊരാളെ കുറിച്ച് സംസാരിച്ചു, അപ്പോൾ ഞാൻ പറഞ്ഞു: തീർച്ചയായും അവൻ സ്വീകാര്യയോഗ്യനല്ല, അപ്പോൾ ആ വ്യെക്ത പറഞ്ഞു: "നീ അവനെ പറ്റി പരദൂഷണം പറഞ്ഞിരിക്കുന്നു", അപ്പോൾ ഇസ്മാഈൽ പറഞ്ഞു: "അവൻ അവനെ പറ്റി പരദൂഷണം പറഞ്ഞതല്ല, നേരെമറിച്ച് അവൻ അവനെപറ്റി സ്വീകാര്യയോഗ്യനല്ല എന്ന് വിധിക്കുകയാണ് ചെയ്തത്".

ഇബ്നു തൈമിയ്യ (رحمه الله) അദ്ദേഹത്തിന്റെ മജ്മൂഅൽ ഫതാവയിൽ (28/217) പറഞ്ഞു:

"എന്നാൽ ഒരു വ്യക്തി തിന്മകൾ പരസ്യമാക്കുകയാണെങ്കിൽ അവനെ പരസ്യമായി ഖണ്ഡിക്കൽ നിർബന്ധമാവും, അവനു മേൽ ഒരു പരദൂഷവും ഉണ്ടായിരിക്കുന്നതല്ല, അവനെ അതിനെ തൊട്ട് തടയുന്നതായുള്ള ഹജ്റോ അതുപോലെയുള്ളതോ ആയ പരസ്യമായ ശാസനം നിർബന്ധമാവും".

അതുപോലെ ഇമാം ഇബ്നുൽ ജൗസി (رحمه الله) തന്റെ "മനാഖിബുൽ ഇമാം അഹ്മദ് ബിൻ ഹംബൽ" എന്ന കിതാബിൽ പറഞ്ഞു (p–185):

"ഇമാം അഹ്മദ് ബിൻ ഹംബൽ സുന്നത്തിലുള്ള അദ്ദേഹത്തിന്റെ കഠിനമായ മുറുകെപിടിക്കലിനാലും ബിദ്അത്തിനോടുള്ള എതിർപ്പിനാലും വിശിഷ്ഠരായ വ്യക്തികളിൽ നിന്നുള്ള ഒരുകൂട്ടം ആളുകളെ കുറിച്ച് അവരിൽ നിന്നും സുന്നത്തിന് എതിരായ കാര്യങ്ങൾ സംഭവിച്ചാൽ സംസാരിക്കാറുണ്ടായിരുന്നു, അദ്ദേഹത്തിന്റെ അങ്ങനെയുള്ള സംസാരത്തെ ദീനിൽ (പരസ്പരം) ഉള്ള നസ്വീഹയായിട്ടാണ് മനസ്സിലാക്കപെടുന്നത്".

മൊത്തത്തിൽ, സലഫുകളിൽ നിന്ന് വന്നിട്ടുള്ള അസറുകൾ അനവധിയാണ്, ഈ സംക്ഷിപ്തമായ മറുപടി അവകളെ വിവരിക്കാൻ പര്യാപ്തമാകുന്നതല്ല, അതോടൊപ്പം ആരിൽ നിന്നാണോ ശറഇലെ സ്പഷ്ടമായ കര്യങ്ങൾക്ക് എതിരായ നിലപാട് വെളിവാകുന്നത് അല്ലെങ്കിൽ ഹഖിനും ബാത്തിലിനും സാധ്യതയുള്ളതോ സുന്നത്തിനേയും ബിദ്അത്തിനേയും കൂട്ടികുഴക്കുന്നതോ ആയ നിലപാട് വെളിവാകുന്നത്, അവരെ

എതിർക്കുന്നതിലേക്ക് വിളിച്ചുകൊണ്ടുള്ള അസറുകളും അവരിൽ (സലഫുകളിൽ) നിന്നും വന്നിട്ടുണ്ട്.

ശെയ്ഖുൽ ഇസ്ലാം ഇബ്നു തൈമിയ (رحمه الله) അദ്ദേഹത്തിന്റെ "ദർഉ തആറുൾ അൽ അഖ്ൽ വൽ നഖ്ൽ" എന്ന കിതാബിൽ പറഞ്ഞു: "സലഫുകളുടെയും ഇമാമീങ്ങളുടെയും മാർഗ്ഗമെന്നാൽ അവർ ശറഇലും (ദീനിലും) ബുദ്ധിയിലും അറിയപ്പെട്ട ശരിയായ ആശയങ്ങളെ പരിഗണിച്ചിരുന്നു, അതുപോലെ ശറഈയായ വാക്കുകളെയും പരിഗണിച്ചിരുന്നു, എത്രകണ്ട് കഴിയുമോ അത്രത്തോളം അവകൊണ്ട് തന്നെ (ആശയങ്ങളെ) ആവിഷ്കരിക്കുകയും ചെയ്തിരുന്നു. ഇനി ഒരുവൻ ഖുർആനിനും സുന്നത്തിനും എതിരായ ബാത്തിലായ അർത്ഥമുൾകൊള്ളുന്നത് സംസാരിച്ചാൽ അവർ അവനെ ഖണ്ഡിക്കുമായിരുന്നു. ഇനി ഒരുവൻ ഹഖ്വും ബാത്തിലും ഉൾകൊള്ളാൻ സാധ്യതയുള്ള ബിദ്അത്തായ വാക്കുപയോഗിച്ച് സംസാരിച്ചാൽ അതിനെ അവർ ബിദ്അത്തിലേക്ക് ചേർത്തി പറയുകയും ചെയ്യും, അവർ (സലഫുകൾ) പറഞ്ഞു: "അവൻ ബിദ്അത്തിനെ (മറ്റൊരു) ബിദ്അത്തുകൊണ്ട് നേരിടുകയും ബാത്തിലിനെ ബാത്തിലുകൊണ്ട് എതിർക്കുകയും ചെയ്തിരിക്കുന്നു".

അദ്ദേഹത്തിന്റെ മജ്മൂഅൽ ഫതാവയിൽ പറഞ്ഞു (28/22): "ദീനിനെ (അതിന്റെ അടിസ്ഥാന കാര്യങ്ങളേയും മറ്റും) ഒരുമിച്ചുകൂട്ടുന്ന വസ്തുത രണ്ട്കാര്യങ്ങളാണ്:

അതിലൊന്ന്: അല്ലാഹുവിനെ മാത്രം ഏകനാക്കികൊണ്ട് അവനെ ആരാധിക്കലാണ്,

രണ്ടാമാത്തേത്: അവൻ ശറആക്കിയത് കൊണ്ട് മാത്രം അവനെ ആരാധിക്കലും ബിദ്അത്ത്കൊണ്ട് അവനെ ആരാധിക്കാതിരിക്കലുമാണ്,

അല്ലാഹു പറഞ്ഞത് പോലെ :

"لِيَبْلُوَكُمْ أَيُّكُمْ أَحْسَنُ عَمَلًا"

"നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി"

ഈ ആയത്തിനെ വിശദീകരിച്ചുകൊണ്ട് ഫുദൈൽ ബിന് ഇയാള് (رحمه الله) പറഞ്ഞു: "ഏറ്റവും നിഷ്കളങ്കമായതും ഏറ്റവും ശരിയായിട്ടുള്ളതും, അപ്പോൾ അദ്ദേഹത്തോട് പറയപ്പെട്ടു: എന്താണ് ഏറ്റവും നിഷ്കളങ്കമായതും ശരിയായിട്ടുള്ളതും? അദ്ദേഹം പറഞ്ഞു: തീർച്ചയായും ഒരു പ്രവൃത്തി നിഷ്കളങ്കമായതാവുകയും എന്നാൽ അത് ശെരിയായതല്ലെങ്കിൽ സ്വീകരിക്കപ്പെടുകയില്ല, ഇനി അത് ശെരിയായതാണ് പക്ഷേ നിഷ്കളങ്കമായതലെങ്കിൽ അത് നിഷ്കളങ്കമായതും ശെരിയായതും ആകുന്നത് വരെ സ്വീകരിക്കപ്പെടുകയില്ല,

ഇഖ്ലാസുള്ളതെന്നാൽ: അത് അല്ലാഹുവിന് വേണ്ടി മാത്രമാകുക എന്നതും

ശെരിയായതെന്നാൽ: അത് നബിചര്യയിൽ ആവുക എന്നതുമാണ്.

(തുടർന്ന് ഷെയ്ഖുൽ ഇസ്‌ലാം (رحمه الله)) ഇപ്രകാരം പറഞ്ഞത് വരെ: "ഉലമാക്കളും പണ്ഡിതന്മാരും അവരുടെ സംസാരങ്ങളിലും അവസ്ഥകളിലും നന്മയും തിന്മയും നേർമാർഗവും വഴികേടും സൻമാർഗവും ദുർമാർഗവും എല്ലാം ഉണ്ടാവുന്നതിനാൽ അവർക്കു മേൽ അതിനെ അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കൽ നിർബന്ധമാണ്, എന്നിട്ട് അല്ലാഹുവും റസൂലും സ്വീകരിച്ചത് സ്വീകരിക്കുകയും അവർ നിരാകരിച്ചതിനെ നിരാകരിക്കുകയും ചെയ്യണം".

(ഷെയ്ഖുൽ ഇസ്‌ലാം (رحمه الله) പറഞ്ഞത് അവസാനിച്ചു).

തീർച്ചയായും മൂന്നു കാര്യങ്ങളുടെ മേലാണ് നമ്മുടെ ദീൻ നിലകൊള്ളുന്നത് എന്ന് അറിഞ്ഞുകൊണ്ട്:

അതിലൊന്ന്: അല്ലാഹുവിൽ ഉള്ള വിശ്വാസം

രണ്ട്: നന്മ കല്പിക്കൽ

മൂന്ന്: തിന്മ വിരോധിക്കൽ

അല്ലാഹു പറയുന്നു :

"كُنتُم خَيْرَ أُمَّةٍ أُخْرِجَت لِلنَّاسِ تَأْمُرُونَ بِالْمَعْرُوفِ وَتَنْهَوْنَ عَنِ الْمُنكَرِ وَتُؤْمِنُونَ بِاللَّهِ"

**"ജനങ്ങൾക്ക് വേണ്ടി കൊണ്ടുവരപ്പെട്ട ഉത്തമസമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും, അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു"**

സഹീഹ് മുസ്‌ലിമിൽ ഉബാദ ബിന് സാമിത്തിന്റെ (رضي الله عنه) മകനായ ഉബാദ ബിന് വലീദിന്റെ (رضي الله عنه) ഹദീസിൽ അദ്ദേഹം തന്റെ ഉപ്പ തന്റെ വല്യുപ്പയിൽ നിന്ന് നിവേദനം ചെയ്തതായി പറയുന്നു: "ഞങ്ങൾ റസൂൽ (ﷺ) യോട് ബൈഅത്ത് (ഉടമ്പടി) ചെയ്തു, എളുപ്പത്തിലും ബുദ്ധിമുട്ടിലും ആയാസത്തിലും വൈഷമ്യത്തിലും കേൾക്കുമെന്നും അനുസരിക്കുമെന്നും, ഞങ്ങളുടെ സ്വന്തത്തിനേക്കാൾ പ്രധാന്യം കൊടുക്കുന്നതിലും ഞങ്ങൾ കൈകാര്യകർതൃത്വത്തിനെ അതിന്റെ ആളുകളുമായി എതിരാവുകയില്ലെന്നും ഞങ്ങൾ എവിടെയായിരുന്നാലും സത്യം മാത്രം പറയുമെന്നും അല്ലാഹുവിന്റെ മാർഗത്തിൽ ഒരു ആക്ഷേപകാരന്റെ ആക്ഷേപവും ഞങ്ങൾ ഭയപെടില്ല എന്നും".

മറ്റൊരു രിവായത്തിൽ അദ്ദേഹം ഇപ്രകാരം പറഞ്ഞ ശേഷം: "ഞങ്ങൾ ഭരണാധികാരികളോടും അവരുടെ കല്പനകളോടും തർക്കിക്കുകയില്ല; നിങ്ങളോടൊപ്പം അല്ലാഹുവിൽ നിന്ന് പ്രമാണമുള്ള രൂപത്തിൽ അവരിൽ നിന്നും സ്പഷ്ടമായ കുഫ്ർ കണ്ടാൽ ഒഴികെ".

ഈ തെളിവുകളിൽ നിന്നെല്ലാം വ്യക്തമാകുന്നതാണ് അല്ലാഹു അവന്റെ അടിമകളെ നന്മ കല്പിക്കാനും തിന്മ വിരോധിക്കാനും കൽപ്പിച്ചിട്ടുണ്ടെന്ന്, അതുപോലെ അല്ലാഹുവിന്റെ മാർഗത്തിൽ അവർ ഒരു ആക്ഷേപകാരന്റെ ആക്ഷേപവും ഭയപെടാത്ത രൂപത്തിൽ അവർ എവിടെയായിരുന്നാലും സത്യം പറയുകയും ചെയ്യും. ഇത് തന്നെയാണ് ഞാൻ അറിഞ്ഞതായ സത്യം

പറയുവാനായി എന്നെ ഇവിടെ പ്രേരിപ്പിച്ചതും, അതെന്തെന്നാൽ ഞാൻ പറഞ്ഞു: തീർച്ചയായും ശെയ്ഖ് അബ്ദുൽ മുഹ്സിൻ (حفظه الله) അഹ്ലുസുന്നയിൽ പെട്ടയാളാണ്. അദ്ദേഹത്തിനെതിരിൽ നാം ഒന്നുംതന്നെ പറയുന്നില്ല എന്നാൽ ഈ കിതാബ് രചിച്ചുകൊണ്ട് അദ്ദേഹം മോശം പ്രവർത്തിച്ചിരിക്കുന്നു, അതുകാരണം ബിദ്അത്തിന്റെ ആളുകൾ സന്തോഷിക്കുകയും വളരേ വലിയ എണ്ണങ്ങളിലായികൊണ്ട് അവർ ഈ കിതാബ് വിതരണം ചെയ്യാനും തുടങ്ങി.

**ഒമ്പതാമതായി :**

ഒരുപക്ഷേ താങ്കൾ പറഞ്ഞേക്കാം നാം ബിദ്അത്തുകാരെ തൊട്ട് മൗനം പാലിക്കാൻ ഉദ്ദേശിച്ചിട്ടില്ലെന്ന് അത്പോലെ അവരെ തൊട്ട് മൗനം പാലിക്കാൻ ഞാൻ ആരോടും ആവശ്യപ്പെട്ടിട്ടുമില്ലെന്ന് വാസ്തവത്തിൽ ഞാൻ ഉദ്ദേശിച്ചത് സലഫികൾക്കിടയിൽ സംഭവിച്ചു കൊണ്ടിരുന്ന ആരോപണങ്ങളുടെ മൂർച്ചയെ ലഘൂകരിക്കാനാണ്.

ഞാൻ പറയുന്നു: തീർച്ചയായും ഇതുപൊലെയുള്ള കാര്യങ്ങൾ സംസാരിക്കുന്നവരിൽ പെട്ട താങ്കളുടെയും താങ്കളല്ലാത്തവരുടെ മേലും നിർബന്ധമായിട്ടുള്ളത് വിധിയിൽ ഹിസ്ബികളെയും സലഫികളെയും തമ്മിൽ വേർതിരിക്കലാണ്, വ്യതിരിക്തമായി ഓരോ വിഭാഗത്തിന്റെയും വിധി വ്യക്തമാകാൻ വേണ്ടി, പ്രത്യേകിച്ചും ഖവാരിജുകൾ ഈ കാലഘട്ടത്തിൽ പുറംമോടിയും കാപട്യവും അവരുടെ പതിവായി എടുത്തിരിക്കുകയാണ്, അതുകൊണ്ട്തന്നെ ഭരണാധികാരികൾക്കടുക്കൽ അവരുമായി ഇഴകിച്ചേർന്നവരായി അവരെ നിനക്കു കാണാൻ സാധിക്കും, രഹസ്യങ്ങൾ അള്ളാഹുവിനാണ് അറിയുന്നത്.

**പത്താമതായി:**

താങ്കൾ പറഞ്ഞു: "ഒരു പണ്ഡിതനോടുള്ള അവനു തെറ്റു പറ്റിയാലുള്ള അഹ്ലുസ്സുന്നയുടെ നിലപാട് അവനു ഉദ്ർ നൽകപെടണമെന്നും അവൻ ബിദ്അത്തുകാരനായി പ്രഖ്യാപിക്കപ്പെടുകയോ, ഹജ്ർ ചെയ്യപെടുകയോ ചെയ്യരുത് എന്നുമാണ്", ഓ ശൈഖ്, എന്നിട്ട് മുൻകാല പണ്ഡിതന്മാരിൽ

നിന്ന് മൂന്ന് പേരുടെ ജീവചരിത്രം താങ്കൾ ഉദ്ധരിച്ചു, അൽ-ബയ്ഹഖി, അന്നവവി, ഇബ്നു ഹജർ (رحمهم الله) എന്നിവരുടെ. ഈ പണ്ഡിതന്മാർ അല്ലാഹുവിന്റെ ചില വിശേഷണങ്ങളെ തഅ്'വീൽ (ദുർവ്യാഖ്യാനം) നടത്തുന്നതിൽ അകപ്പെട്ടിട്ടുണ്ട്, അവർക്കാണെങ്കിൽ പ്രയോജനകരവും മഹത്തായതുമായ രചനകളും ഉണ്ട്,

അതുകൊണ്ട് തന്നെ അഹ്ലുസ്സുന്ന വൽ ജമാഅ, ജനങ്ങൾ അവരുടെ ഗ്രന്ഥങ്ങളിൽ നിന്ന് അവർ ബിദ്അത്തിലേക്ക് വീണിട്ടില്ലാത്ത മേഖലകളിൽ പ്രയോജനം നേടുന്നതിന് ആവശ്യക്കാരാണ് എന്ന് കാണുകയുണ്ടായി, അതിനാൽ മതവിദ്യാർത്ഥികൾ അവരുടെ ബിദ്അത്തുകളിൽ നിന്ന് താക്കീത് ചെയ്യപ്പെടേണ്ടതും അതോടൊപ്പം അവരുടെ പുസ്തകങ്ങളിൽ അവർക്ക് തെറ്റു പറ്റിയതല്ലാത്ത വിഷയങ്ങളിൽ നിന്ന് പ്രയോജനം എടുക്കപ്പെടേണ്ടതുമാണ്,

എന്നാൽ അവർക്ക് ഉദ്ർ നൽകപ്പെട്ടു എന്നതിനെ സംബന്ധിച്ചിടത്തോളം, അതായത്, അല്ലാഹുവിന്റെ വിശേഷണങ്ങളെ തഅ്'വീൽ നടത്തിയ കാര്യത്തിൽ അഹ്ലുസ്സുന്ന അവർക്ക് ഉദ്ർ നൽകിയെന്നതും, അവരുടെ മേൽ ബിദ്അത്ത് പറയുന്നതിൽ നിന്ന് താക്കീത് ചെയ്തുവെന്നതും, ഞാൻ അറിഞ്ഞ പ്രകാരം അത് അങ്ങനെയല്ല.

പിന്നീട് താങ്കൾ സമകാലികരിൽ പെട്ട ഷെയ്ഖ് അൽ-അൽബാനിയുടെ (رحمه الله) ഉപമ പറഞ്ഞിരിക്കുന്നു,

ഷെയ്ഖ് അൽ-അൽബാനിയാണെങ്കിൽ (رحمه الله) അഹ്ലുസ്സുന്നയിൽ പെട്ടയാളാണ്, അദ്ദേഹത്തിന് തൃപ്തികരമായ പ്രമാണങ്ങളുടെ മേൽ നിർമിതമായ കാര്യങ്ങൾ ആയിട്ടുകൂടി ഒരുപക്ഷേ അദ്ദേഹം (മറ്റു പണ്ഡിതന്മാരിൽ നിന്ന്) അതിലൂടെ ഒറ്റപ്പെട്ടു എന്ന് പറയാൻ കഴിയുമാറുള്ള ഗവേഷണങ്ങൾക്ക് പഴുതുള്ള ചില വിഷയങ്ങളുമായി ഒറ്റപെട്ടു വന്നിട്ടുണ്ട് (എന്ന്മാത്രം) അതിനാൽ അദ്ദേഹത്തെ കൊണ്ട് താങ്കൾ ഉദാഹരിച്ചത് അത് അസ്ഥാനത്താണ്, കാരണം ഈ സംഭാഷണം ബിദ്അത്തുകാരെ ഹജ്ർ ചെയ്യുന്നതിനെ കുറിച്ചാണ്, എന്നാൽ ഷെയ്ഖ് അൽബാനി (رحمه الله)

ബിദ്അത്തുകാരനല്ല, അദ്ദേഹം ബിദ്അത്ത് ചെയ്യുന്നതിൽ നിന്ന് വിദൂരമാണ്, അദ്ദേഹം ഹദീസുകളും അസറുകളും തഹ്ഖീക്ക് ചെയ്യുന്നതിലും, നിരൂപണം ചെയ്യുന്നതിലും, അത് സാധുധീകരിക്കുന്നതിലും ദുർബലമാക്കുന്നതിലും രാവും പകലുമായി അതിനോട് ഇഴകി ജീവിച്ചവനാണ്, അതിനാൽ താങ്കളുടെ ഈ ചർച്ചയിൽ താങ്കൾ അദ്ദേഹത്തെ ഉദ്ധരിച്ചില്ലായിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

എന്നിട്ട് പൊതുവായ സലഫുകളുടെ ചില വാക്കുകൾ താങ്കൾ കൊണ്ടുവന്നു, മുബ്തദിയെ ഹജ്ർ ചെയ്യുന്നതിനെ പറ്റി കിതാബുകളിൽ നിറഞ്ഞു നിൽക്കുന്നതിനെ താങ്കൾ അവലംബിച്ചില്ല, ആ കിതാബുകൾ അല്ലെങ്കിൽ അതിൽ ചിലതെങ്കിലും താങ്കൾ വായിച്ചിട്ടുണ്ടാവാതിരിക്കില്ല, ആ കിതബുകളാണ്: ഇബ്നു ബത്തയുടെ (رحمه الله) അൽ-ഇബാന അൽ-കുബ്റയും അൽ-ഇബാന അസ്സുഗ്റയും, അൽ-ലാലകായിയുടെ (رحمه الله) ഷർഹുസ്സുന്ന, ഇബ്നു അബീ ആസിമിന്റെ (رحمه الله) കിതാബുസ്സുന്ന, പിന്നെ ആജൂരിയുടെ (رحمه الله) അശ്ശരീഅ എന്നിങ്ങനെയുള്ള മുബ്തദികളെ ഹജ്ർ ചെയ്യുന്നതിൽ സലഫുകളിൽ നിന്നുള്ള അസറുകൾ ക്രോഡീകരിച്ച മറ്റു കിതാബുകൾ.

ഞാൻ പറയുന്നു: ഓ ഷെയ്ഖ്, തീർച്ചയായും ആ അസറുകളെ പറ്റിയുള്ള താങ്കളുടെ മൗനം ജനങ്ങൾക്ക് മുന്നെ അല്ലാഹുവിനു മുന്നിൽ താങ്കൾക്കെതിരെ പ്രമാണം സ്ഥാപിക്കപ്പെട്ട ആളാക്കി മാറ്റും,

ഓ ഷെയ്ഖ്, അഹ്ലുസുന്നയുടെ ഇമാമായ അഹ്മദ് ബിന് ഹംബൽ (رحمه الله), ഹുസൈന് ബിന് അലി അൽ-കാറാബീസിയെ ഹജ്ർ ചെയ്യാനും അയാളിൽ നിന്ന് (ഇൽമ്) എടുക്കരുതെന്നും അയാളുടെ കിതാബിൽ നിന്ന് വായിക്കരുതെന്നും കല്പിച്ചത് താങ്കൾ മറന്നുവോ?, അങ്ങനെ അയാൾ ഒഴിവാക്കപ്പെട്ടു, ആരും തന്നെ അയാളുടെ ഇൽമിന്റെ ആധിക്യം പറഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ അടുത്തു പോയില്ല.

അതുപോലെ സഹ്ൽ അൽ–ഖസീർ എന്ന് വിളിക്കപ്പെടുന്ന സഹ്ൽ ബിന് അബ്ദില്ല അത്തുസ്തുരിയെ(3) ഹജ്ർ ചെയ്യാനും അയാളുടെ കിതാബിൽ നിന്ന് വായിക്കരുതെന്നും കല്പ്പിച്ചു അതിനാൽ അഹ്ലുൽ ഹദീസ് അയാളെ ഒഴിവാക്കി,

അതുപോലെ ദാവൂദ് ബിന് അലി അദ്ദാഹിരിയെ തന്റെ അടുത്തു പ്രവേശിക്കുന്നതിനെ വിസമ്മതിക്കുകയും ചെയ്തിരുന്നു. അതുപോലെ അൽ–ഹസ്സൻ ബിന് സ്വാലിഹ് ബിന് ഹയ്യിന്റെ ബിദ്അത്തിനെ കുറിച്ചറിഞ്ഞപ്പോൾ അഹ്ലുസുന്ന അയാളെ ഹജ്ർ ചെയ്തു, ഓ ഷെയ്ഖ്, എനിക്കറിയില്ല ഈ അസറുകളെല്ലാം താങ്കൾ മറന്നതാണോ അതോ മറന്നതായി ഭാവിക്കുകയാണോ?

ഓ ഷെയ്ഖ്, സലഫുകളുടെ ആസാറുകൾ പിൻപറ്റാനും അവരുടെ മാർഗ്ഗത്തിലും മൻഹജിലും മുമ്പോട്ടു പോകുവനും ഞാൻ താങ്കളെയും എന്റെ സ്വന്തത്തെയും ഉപദേശിക്കുകയാണ്, അതുപോലെ അല്ലയോ ഷെയ്ഖ്, താങ്കൾക്കറിയാം ഏതെങ്കിലും ഒരു ഷെയ്ഖിൽ നിന്ന് ഗവേഷണത്തിന് അവസരമുള്ള അനുബന്ധ വിധികളിൽ സംഭവിക്കുന്ന തെറ്റുകളിലാണ് അത് പറഞ്ഞയാൾ ഉദ്ർ ചെയ്യപ്പെടുന്നതും ബിദ്അത്ത് ആരോപിക്കപ്പെടാതിരിക്കുന്നതും ഹജ്ർ ചെയ്യപ്പെടാതിരിക്കുകയും ചെയ്യുന്നത്, ഇനി ഒരാൾ ബിദ്അത്തുകാരനാക്കപ്പെടുന്നതും ഹജ്ർ ചെയ്യപ്പെടുന്നതുമായ തെറ്റ്, അത് അഖീദയിലാകുന്നു, അഖീദയിൽ ബിദ്അത്ത് ചെയ്ത ഒരാൾക്കും സലഫുകൾ ഉദ്ർ നൽകിയതായി നമുക്കറിയില്ല.

**പതിനൊന്നാമതായി :**

താങ്കൾ പറഞ്ഞു: രണ്ടു വ്യക്തികൾ കാരണം സലഫികൾ രണ്ടായി ഭിന്നിച്ചു എന്ന്, പ്രത്യക്ഷത്തിൽ മനസ്സിലാകുന്നത് താങ്കൾ ഈ രണ്ടു വ്യക്തികളാൽ ഉദ്ദേഷിക്കുന്നത് അശ്ശെയ്ഖ് റബീഅ ബിന് ഹാദി അൽ മദ്ഖലിയും അബുൽ ഹസ്സൻ അസ്സുലൈമാനി അൽ മാരിബിയുമാണ്.

---

3. ഇവിടെ ഹാരിസ് അൽ–ഖസീർ എന്നറിയപ്പെടുന്ന ഹരിസ് അൽ മുഹാസിബിയെയാണ് ഷെയ്ഖ് ഉദ്ദേശിച്ചതായി മനസ്സിലാക്കപെടുന്നത്.

ഞാൻ തങ്കളോട് പറയുന്നു: ഈ വിഷയം സഹായിക്കപ്പെടുകയും പിന്താങ്ങപ്പെടുകയും ചെയ്യേണ്ട ഹഖ്ഖിന്റെയും, (അതുപോലെ) എതിർക്കപെടേണ്ടതും നിരർത്ഥകത വ്യക്തമാക്കപ്പെടേണ്ടതായ ബാത്വിലിന്റെയും വിഷയമാണ്. ഇത് സലഫികളായ ഉലമാക്കൾക്കും മതവിദ്യാർത്ഥികൾക്കുമെതിരെ താങ്കളിൽ നിന്നുള്ള ആരോപണമാണ്,

"يَا أَيُّهَا الَّذِينَ آمَنُوا كُونُوا قَوَّامِينَ لِلَّهِ شُهَدَاءَ بِالْقِسْطِ ۖ وَلَا يَجْرِمَنَّكُمْ شَنَآنُ قَوْمٍ عَلَىٰ أَلَّا تَعْدِلُوا ۚ اعْدِلُوا هُوَ أَقْرَبُ لِلتَّقْوَى"

**"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന്ന് വേണ്ടി നിലകൊള്ളുന്നവരും, നീതിക്ക് സാക്ഷ്യം വഹിക്കുന്നവരുമായിരിക്കുക. ഒരു ജനതയോടുള്ള അമർഷം നീതി പാലിക്കാതിരിക്കാൻ നിങ്ങൾക്ക് പ്രേരകമാകരുത്. നിങ്ങൾ നീതി പാലിക്കുക. അതാണ് തഖ്‌വയോട് ഏറ്റവും അടുത്തത്"**

ഇപ്രകാരം പറഞ്ഞുകൊണ്ട് അല്ലാഹു ഏതൊരു കക്ഷിത്വത്തിൽ നിന്നാണോ അവരെ രക്ഷപെടുത്തിയത് അങ്ങനെയുള്ള (അഥവാ) കോപിക്കപ്പെട്ട പക്ഷപാതിത്വവും കക്ഷി സേവയും കൊണ്ട് താങ്കൾ അവരെ (സലഫികളെ) ആരോപിക്കുകയും ചെയ്തിരിക്കുന്നു.

അതുപോലെ ഉബാദ (رضي الله عنه) നിവേദനം ചെയ്ത മുത്തഫഖുൻ അലൈഹിയായ ഹദീസിൽ വന്നത് പോലെ: "നമ്മൾ എവിടെ ആയിരുന്നാലും സത്യം കൊണ്ട് സംസാരിക്കുമെന്നും അല്ലാഹുവിന്റെ മാർഗത്തിൽ ഒരു ആക്ഷേപകാരന്റെ ആക്ഷേപവും ഭയപെടുകയുമില്ലെന്നും".

ഇതും (തെളിവുകളിൽ നിന്ന്) ഇതിനു സമാനമായതുമാണ് സത്യം പറയുന്നതിനെ നമ്മുടെ മേൽ നിർബന്ധമാക്കിയിരിക്കുന്നത്. (സത്യത്തിന്റെ) ഈ സംസാരത്തിൽ ചിലരുടെ അപ്രീതി അനന്തരഫലമായി മാറുകയാണെങ്കിൽപ്പോലും.

ഓ ഷെയ്ഖ് അബ്ദുൽ മുഹ്സിൻ (حفظه الله), പരസ്പരം ഇപ്രകാരം പറയുന്ന ജാഹിലിയ്യയിലെ ആളുകളുടെ മൻഹജിൽ ഞങ്ങൾ സഞ്ചരിക്കുന്നതായാണോ നിങ്ങൾ കാണുന്നത്?:

*ഞാൻ ഗസിയ്യ ഗോത്രത്തിൽ നിന്നല്ലാതെ എന്താണ്? അത് (ഗോത്രം) വഴി പിഴച്ചാൽ

ഞാനും പിഴച്ചുപോകും, ഇനി ഗസിയ്യ നേർവഴിയിലായാൽ ഞാനും നേർവഴിയിലാകുന്നു*

ചിലർ പറഞ്ഞു, മുസൈലിമയോട് (നുണയൻ); "നിങ്ങളുടെ കൂട്ടുകാരൻ (നിങ്ങൾക്ക് വെളിപാട് നൽകാൻ വരുന്നവൻ) നിങ്ങളുടെ അടുക്കൽ വരുന്നത് വെളിച്ചത്തിലാണോ അതോ ഇരുട്ടിലാണോ" എന്ന് ചോദിച്ചപ്പോൾ അവൻ (മുസൈലിമ) പറഞ്ഞു: "ഇരുട്ടിൽ", അപ്പോൾ അവനോട് പറയപ്പെട്ടു: "അല്ലാഹുവാണെ, തീർച്ചയായും നീ ഒരു പെരും നുണയനാണ്, എന്നാൽ റബീഅ ഗോത്രത്തിൽ നിന്നുള്ള ഒരു നുണയനാണ് മുദർ ഗോത്രത്തിലെ സത്യസന്ധനേക്കാൾ ഞങ്ങൾക്ക് പ്രിയങ്കരൻ".

അല്ലാഹു തന്റെ കിതാബ് കൊണ്ടും നബി (ﷺ) യുടെ സുന്നത്തുകൊണ്ടും നമ്മുടെ ഹൃദയങ്ങളെ പ്രകാശിപ്പിച്ചിരിക്കെ താങ്കൾ ഞങ്ങളെ കാണുന്നത് ഇതുപോലെയുള്ള പരുഷരും വഴിപിഴച്ചവരുമായിട്ടാണോ, അപ്രകാരം (വഴികേട്) പ്രവൃത്തിക്കുന്നവന് നാശവും ശാപവും ഉണ്ടാവട്ടെ പിന്നെ (വീണ്ടും) അവനാകട്ടെ നാശവും ശാപവും പിന്നെ താങ്കൾ പറഞ്ഞപ്രകാരം അഹ്ലുസുന്ന രണ്ടായി പിളരാൻ കാരണക്കാരായ ആ രണ്ടു വ്യക്തികൾ, അവർ രണ്ടു പേരും ഹഖ്ഖിലായിരിക്കുകയും എന്നിട്ട് (അതേസമയം) പരസ്പരം എതിരാവുകയും ചെയ്യുകയെന്നത് സംഭവ്യമല്ലാത്ത കാര്യമാകുന്നു, അതിൽ നിന്ന് നിർബന്ധമാകുന്നത് അവരിലൊരാൾ ഹഖിലും മറ്റെയാൾ ബാത്വിലിലും ആകുമെന്നതാണ്, ഇനി മറ്റെയാൾ ഉള്ളതായ ആ ബാത്വിലാകട്ടെ ഒരുപക്ഷേ അത് പരിപൂർണ്ണമായ ബാത്വിലാകാം അല്ലെങ്കിൽ ഹഖ് കൂടിക്കലർന്ന ബാത്വിലാകാം.

അല്ലാഹു നമ്മോട് ഹഖ് പിൻപറ്റാനും അതിനെയും അതിന്റെ ആളുകളെയും സഹായിക്കുവാനും കല്പിച്ചത് അറിയപ്പെട്ട കാര്യമാകുന്നു:

**"اتبعوا ما أُنزِل إِلَيْكُم مِّن رَّبِّكُمْ وَلَا تَتَّبِعُوا مِن دُونِهِ أَوْلِيَاءَ ۗ قَلِيلًا مَّا تَذَكَّرُونَ"**

**"നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് നിങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നിങ്ങൾ പിൻപറ്റുക. അവനു പുറമെ മറ്റു രക്ഷാധികാരികളെ നിങ്ങൾ പിൻപറ്റരുത്. നിങ്ങൾ വളരെ കുറച്ച് മാത്രമേ ആലോചിച്ച് മനസ്സിലാക്കുന്നുള്ളൂ"**

അല്ലാഹു പറയുന്നു :

**"وَأَنَّ هَٰذَا صِرَاطِي مُسْتَقِيمًا فَاتَّبِعُوهُ ۖ وَلَا تَتَّبِعُوا السُّبُلَ فَتَفَرَّقَ بِكُمْ عَن سَبِيلِهِ ۚ ذَٰلِكُمْ وَصَّاكُم بِهِ لَعَلَّكُمْ تَتَّقُونَ"**

**"ഇതത്രെ എൻറെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റുമാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവൻറെ (അല്ലാഹുവിന്റെ) മാർഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ച് കളയും. നിങ്ങൾ സൂക്ഷ്മത പാലിക്കാൻ വേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേശമാണത്"**

റസൂൽ (ﷺ) പറഞ്ഞു: "നിന്റെ സഹോദരനെ അവൻ അക്രമിയായാലും അല്ലെങ്കിൽ അക്രമിക്കപെടുന്ന അവസ്ഥയിലായാലും നീ സഹായിക്കുക", അപ്പോൾ അവർ പറഞ്ഞു: ഇത് (സഹായം) അവൻ അക്രമിക്കപെടുകയാണെങ്കിൽ (കാര്യം വ്യക്തമാണ്), എന്നാൽ എങ്ങനെയാണ് അവൻ അക്രമിയായിരിക്കെ ഞാൻ അവനെ സഹായിക്കുക? അദ്ദേഹം (ﷺ) പറഞ്ഞു: "അവൻ അക്രമം ചെയ്യുന്നതിൽ നിന്ന് അവനെ നീ തടഞ്ഞ് കൊണ്ട്".

അല്ലാഹു അവന്റെ നിയമനടപടിയെ പിൻപറ്റാൻ നമ്മോട് കല്പിച്ചിരിക്കുന്നു, കാരണം ആശയകുഴപ്പങ്ങളിൽ നിന്നും മുക്തമായ സംശുദ്ധമായ സത്യം അതിലുണ്ട്, അത് അല്ലാഹു ബാത്വിലിനെയും അതിന്റെ ആളുകളെയും അധിക്ഷേപിച്ചത് കാരണമാണ്, അതുപോലെ ഹഖ്ഖും ബാത്വിലും കൂട്ടികുഴക്കുന്നതിൽ നിന്നും ഹഖ്ഖ് മൂടിവെക്കുന്നതിൽ നിന്നും നമ്മെ വിലക്കിയതിനാലുമാണ്.

അല്ലാഹു പറയുന്നു :

**"وَلَا تَلْبِسُوا الْحَقَّ بِالْبَاطِلِ وَتَكْتُمُوا الْحَقَّ وَأَنتُمْ تَعْلَمُونَ"**

**"നിങ്ങൾ ഹഖ്ഖും ബാത്തിലും കൂട്ടിക്കുഴക്കരുത്
അറിഞ്ഞുകൊണ്ട് ഹഖ്ഖു മറച്ചുവെക്കുകയും ചെയ്യരുത്"**

**"يَا أَهْلَ الْكِتَابِ لِمَ تَلْبِسُونَ الْحَقَّ بِالْبَاطِلِ وَتَكْتُمُونَ الْحَقَّ وَأَنتُمْ تَعْلَمُونَ"**

**"വേദക്കാരേ, നിങ്ങളെന്തിനാണ് ഹഖ്ഖിനെ ബാത്തിലുമായി
കൂട്ടികലർത്തുകയും, അറിഞ്ഞുകൊണ്ട് ഹഖ്ഖു മറച്ചു
വെക്കുകയും ചെയ്യുന്നത്?"**

ആരാണോ ഈ രണ്ടു വ്യക്തികൾക്ക് ഉള്ളതായിട്ടുള്ള കാര്യങ്ങൾ പഠിക്കുന്നത് അവന് തുടർന്ന് വരുന്ന കാര്യങ്ങൾ വ്യക്തമാവുന്നതാണ്:

**ഒന്നാമതായി:** തീർച്ചയായും ഷെയ്ഖ് റബീഅ' സുന്നത്തിനെ കുറിച്ച് പൂർണമായ അറിവോടുകൂടി അതിലേക്കുള്ള അദ്ദേഹത്തിന്റെ പ്രബോധനത്താലും, നീണ്ട കാലമായി അതിനുവേണ്ടിയുള്ള തീവ്രയജ്ഞത്താലും അറിയപ്പെട്ടയാളാണ്.

**രണ്ടാമതായി:** തീർച്ചയായും ഷെയ്ഖ് റബീഅ ധാരാളം രചനകൾ രചിച്ചിട്ടുണ്ട് അതിൽ ഭൂരിഭാഗവും സുന്നത്തിനെ

പ്രതിരോധിച്ചുകൊണ്ടും അതിന്റെ മാർഗ്ഗത്തിലുള്ള സമരമായികൊണ്ടും സുന്നത്തിന് എതിരായവർക്കുള്ള റദ്ദുകളിലാണ്, ഒരു മസ്അലയിൽ പോലും അദ്ദേഹം തെളിവുകൾക്കെതിരായതായി നമുക്കറിയില്ല, ഷെയ്ഖ് അൽബാനി (رحمه الله) അദ്ദേഹത്തിന് വേണ്ടി ഈ കാര്യത്തെ അംഗീകരിച്ചുകൊണ്ട് സാക്ഷ്യം വഹിച്ചിട്ടുണ്ട്.

എന്നാൽ അബുൽ ഹസ്സൻ അവൻ അനുഭവജ്ഞാനമില്ലാത്ത ഒരു ചെറുപ്പക്കാരനാണ്, ഒന്നോ രണ്ടോ കിതാബ് രചിക്കുകയും അതിൽതന്നെ സത്യത്തിനോടുള്ള പൂർണ്ണ സന്നദ്ധത കാണിക്കുകയോ തെളിവുകളോടെ അതിൽ നടക്കുകയോ ചെയ്തിട്ടില്ല മറിച്ച് പല നിരൂപണങ്ങളും അദ്ദേഹത്തിനുമേൽ നിരൂപിക്കപെട്ടു, ഇത് ഇവർ രണ്ടുപേരെ കുറിച്ചുള്ള പൊതുവായ വീക്ഷണമാണ്,

എന്നാൽ രണ്ട് വർഷം മുന്നെ തുടങ്ങിയിട്ടുള്ള പ്രത്യേകമായ അവസ്ഥാവിശേഷത്തിലൂടെ ആണെങ്കിൽ തീർച്ചയായും നാം കാണുന്നത് അബുൽ ഹസ്സൻ സാങ്കേതിക നിയമങ്ങളുടെ അടിസ്ഥാനാത്തിൽ സ്ഥിരപെട്ടു വരുന്ന ഖബറുൽ ആഹാദിന്റെ പ്രമാണികതയിൽ സംശയം പ്രകടിപ്പിക്കുന്നതായിട്ടാണ്, ഇത് അഹ്ലുസുന്ന വൽജമാഅയോട് എതിരാണ്, അതുപോലെ മുഅ'തസിലികളുടെയും അവരുടെ വഴിയെ ലക്ഷ്യമാക്കുന്നവരുടെയും വാദം സ്വീകരിക്കലുമാണ്.

**രണ്ടാമതായി:** ഇയാൾ ഉലമാക്കളുടെ സംസാരങ്ങളിൽ മുജ്മലിനെ (പൊതുവായതിനെ) മുബയ്യനിന്റെ (വിശദമായതിന്റെ) മേൽ ബാധകമാക്കാമെന്ന് അഭിപ്രായപെടുന്നു, പാപ സുരക്ഷിതനായ (പ്രവാചകന്റെ) സംസാരത്തിലൊഴികെ പൊതുവായതിനെ വിശദമായതിനുമേൽ ബാധകമാക്കാവുന്നതല്ല എന്ന സലഫുകളുടെ നിലപാടിന് എതിരാണ് ഇതും.

**മൂന്നാമതായി:** അഹ്ലുസുന്നയെ നിന്ദിക്കുകയും പുച്ഛിക്കുകയും ബിദ്അത്തുകാരെ പ്രകീർത്തിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. ഇയാൾ അഹ്ലുസുന്നയെ കുറിച്ച്

തരംതാഴ്ന്നവരെന്നും നീചന്മാരെന്നും വിലകുറഞ്ഞവരെന്നുമൊക്കെയുള്ള ഇകഴ്ത്തുന്ന ഭാഷയിൽ സംസാരിക്കുന്നു. എന്നാൽ ബിദ്അത്തുകാർ ഇയാളുടെ അടുക്കൽ പർവ്വതങ്ങളാണ്, മഗ്റാവിയെ കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ ഇയാൾ പറഞ്ഞു: "ഉന്നതമായ ആ പർവ്വതത്തെ ഞാൻ എങ്ങനെ നീക്കാനാണ്".

**നാലാമതായി:** ഇയാൾ ബിദ്അത്തുകാർക്ക് ഒഴികഴിവുകൾ കാണുന്നു ഉദാഹരണത്തിന് സെയ്യിദ് ഖുതുബ്, സൂറത്തുൽ ഹിജ്റിനുള്ള തന്റെ ആമുഖത്തിൽ മുഹമ്മദ് നബിയുടെ ﷺ ഉമ്മത്ത് മുഴുവനും മതഭ്രഷ്ഠ് സംഭവിച്ചിട്ടുണ്ടെന്നും അവരുടെ കൂട്ടത്തിൽ ഒരു മുസ്ലിം ഭരണകൂടവും നിലവിലില്ലെന്നും തങ്ങളുടെ പരസ്പര സഹകരണത്തിനുള്ള നിയമം അല്ലാഹുവിന്റെ മതനിയമമായിട്ടുള്ള യാതൊരു മുസ്ലിം സമൂഹവും (നിലവിൽ) ഇല്ല എന്നുമൊക്കെ സമർത്ഥിച്ചയാൾ (അയാൾക്ക് ഇദ്ദേഹം ഉദ്ർ കാണുന്നു),

അതുപോലെ സൂറത്തു യൂനുസിന്റെ വിശദീകരണത്തിൽ മുസ്‌ലിം മസ്ജിദുകൾ വിഗ്രഹാരാധനാകേന്ദ്രങ്ങളാണ് എന്ന് സമർത്ഥിക്കുകയും സൂറത്തുൽ ഇഖ്ലാസിനെ "വഹ്ദത്തുൽ വുജൂദ്" (അദ്വൈത സിദ്ധാന്തം) ആയി വിശദീകരിക്കുകയും ചെയ്തു.

**അഞ്ചാമതായി:** തക്ഫീരിയായ മാഗ്റാവിക്ക് ഉദ്ർ കാണുന്നു.

**ആറാമതായി:** ബിദ്അത്തുകാരുടെ അടുത്ത് (സന്ദർശകനായി) ഇറങ്ങുന്നു, അദ്ദേഹം ഇറങ്ങുന്ന എല്ലാ ഓരോ സ്ഥലങ്ങളിലും ബിദ്അത്തുകാർ ഇയാളെ സ്വീകരിക്കുകയും ചെയ്യുന്നു, അവരിലോട്ടല്ലാതെ (ബിദ്അത്തുകാരോടല്ലാതെ) ഇണങ്ങിച്ചേരുന്നുമില്ല.

**ഏഴാമതായി:** ഇഖ്‌വാനുൽ മുസ്ലിമീനെ പറ്റി അവർ അഹ്ലുസുന്ന വൽ ജമാഅയിൽ പെട്ടവരാണോ എന്ന് ചോദിക്കപ്പെട്ടപ്പോൾ ഇയാൾ പറഞ്ഞു : "അതെ".

**എട്ടാമതായി:** തങ്ങളുടെ ഇൽമിനാൽ അംഗീകരിക്കപ്പെട്ട ഇൽമിന്റെ ആളുകളിൽ പെട്ട വ്യക്തികൾ ഒരുപാട് കാര്യങ്ങളിൽ ഇയാളിൽ നിന്നും കളവുകൾ അനുഭവിച്ചതായി സാക്ഷ്യം വഹിച്ചിരിക്കുന്നു.

ഇതാണ് അബുൽ ഹസ്സന്റെ അവസ്ഥ, അതിനാൽ എങ്ങനെ താങ്കൾ പറയുന്ന അഹ്ലുസുന്ന രണ്ടു വ്യക്തികൾ കാരണം രണ്ടായി പിളർന്നുവെന്ന്, താങ്കൾ എന്നോട് പറഞ്ഞതായ ഈ ഫോൺ സംഭാഷണത്തിൽ നിന്ന് മനസ്സിലാക്കപ്പെടുന്നത് തീർച്ചയായും ഈ രണ്ട് വ്യക്തികളും അവർ ഇരുവരും അഹ്ലുസുന്നയുടെ കൂടെയാണ് എന്നാണ്, അപ്പോൾ ഈ അത്യാപത്തുകളെല്ലാം ഉള്ളവനായ അബുൽ ഹസ്സൻ അഹ്ലുസുന്നയിൽ പെട്ടവനാണ് എന്ന് ഞാൻ പറഞ്ഞാൽ അത് ശരിയാകുമോ ??

മറുപടി : ഇല്ല,,

ഇനി അയാളുടെ അനുയായികൾ അഹ്ലുസുന്നയിൽ പെട്ടവരാണ് എന്നത് ശെരിയാകുമോ ??

മറുപടി : ഇല്ല,,

ഇനി അബുൽ ഹസ്സനും അവന്റെ അനുയായികളും അഹ്ലുസുന്നയിൽ പെട്ടവരാണ് എന്നാണ് താങ്കൾ വിശ്വസിക്കുന്നതെങ്കിൽ, ഞങ്ങൾ അതിൽ വ്യസനിക്കുകയും ഇതുപൊലെയുള്ള സംസാരത്തിൽ നിന്ന് മടങ്ങാൻ നാം താങ്കളെ ഉപദേശിക്കുകയും ചെയ്യുന്നു.

താങ്കൾ പറഞ്ഞു (പേജ്: 44): ഈ കാലഘട്ടത്തിൽ അഹ്ലുസുന്നയിലെ ചിലരിൽ നിന്നുള്ള ജർഹിന്റെയും ഹജ്റിന്റെയും ഫിത്ന[4]; ജർഹ് ചെയ്തും താക്കീത് ചെയ്തും അഹ്ലുസുന്ന ചിലരാൽ തിരക്കിലാകുന്നതാണ് ഈ കാലഘട്ടത്തിൽ സംഭവിക്കുന്നത് അതിന്റെ പരിണിതഫലം ഭിന്നതയും അഭിപ്രായ വ്യത്യാസങ്ങളും പരസ്പരം ഹജ്ർ ചെയ്യലുമാണ്.

4. ഈ ഭാഗം ഷെയ്ഖിന്റെ കിതാബിൽ തലകെട്ട് രൂപത്തിൽ ആണ് കൊടുത്തിട്ടുള്ളത്.

താങ്കൾ ഇപ്രകാരം പറഞ്ഞത് വരെ... : അതെല്ലാം രണ്ട കാരണങ്ങളിലേക്ക് മടങ്ങുന്നു:

അതിലൊന്ന്: തീർച്ചയായും ഈ കാലഘട്ടത്തിൽ അഹ്ലുസുന്നയിൽ പെട്ട ചില ആളുകൾ അവരുടെ പതിവും സ്ഥിരം തൊഴിലുമാണ് തെറ്റുകളെ പിന്തുടരലും അതിനെ ചികഞ്ഞ് അന്വേഷിക്കലും, അത് എഴുത്തുകളിലായാലും ടേപ്പുകളിലായാലും, എന്നിട്ട് ആരിൽ നിന്നാണോ തെറ്റിൽ നിന്ന് എന്തെങ്കിലും സംഭവിച്ചത് അവരെ തൊട്ട് താക്കീത് ചെയ്യലും.

ഞാൻ പറയുന്നു: തീർച്ചയായും ഇതൊരു മഹിമയാണ്, ആക്ഷേപമല്ല, തീർച്ചയായും സലഫുകളുടെ അടുക്കൽ സുന്നത്തിനെ സംരക്ഷിക്കുകയെന്നത് മഹിമയുള്ള കാര്യമായിരുന്നു, അതെ, സലഫി യുവാക്കൾക്ക് ആത്മരോഷമുണ്ട്, അവർ സുന്നത്തിന് എതിരായത് എഴുത്തുകളിലോ ടേപ്പുകളിലോ കണ്ടെത്തിയാൽ അല്ലെങ്കിൽ നസ്വീഹത്ത് നൽകപെട്ടിട്ടും അഹ്ലുസുന്നയിൽ നിന്ന് ആരെങ്കിലും ബിദ്അത്തുകാരനോടൊപ്പം നടക്കുന്നത്കണ്ടാൽ അതിനെ അവർ എതിർക്കുകയും എന്നിട്ട് അവനെ ഉപദേശിക്കുകയും അല്ലെങ്കിൽ മറ്റേതെങ്കിലും ഷെയ്ഖുമാരോട് അവനെ ഉപദേശിക്കാൻ ആവശ്യപെടുകയും എന്നിട്ടവൻ ഉപദേശിക്കപെടുകയും അത് സ്വീകരിക്കാതിരിക്കുകയും ചെയ്താൽ അവനെ അവർ ഹജ്ർ ചെയ്യുകയും ചെയ്യും, ഇത് അവർക്കൊരു കുറ്റമല്ല മറിച്ച് അവർക്കുള്ള മഹിമയാണ്.

പിന്നീട് താങ്കൾ പറഞ്ഞു: "ഒരു വ്യക്തി ഇവരുടെ അടുക്കൽ ജർഹ് ചെയ്യപെടാനും താക്കീത് ചെയ്യപെടാനും കാരണമായ തെറ്റുകളിൽ പെട്ടതാണ് അയാൾ സംഘടനകളിൽ പെട്ട ഒന്നുമായി പ്രസംഗങ്ങൾ നടത്തി കൊണ്ടും അല്ലെങ്കിൽ അവരുടെ യോഗങ്ങളിൽ പങ്കെടുത്തുകൊണ്ടും സഹകരിച്ചുവെന്നത്, ഈ സംഘടനയാകട്ടെ ഷെയ്ഖ് ഇബ്ന് ബാസും (رحمه الله) ഷെയ്ഖ് ഇബ്ന് ഉസൈമീനുമൊക്കെ (رحمه الله) ഫോൺ വഴി അവർക്ക് വേണ്ടി പ്രസംഗങ്ങൾ നടത്തിയിരുന്നവയാണ്, അപ്പോൾ അദ്ദേഹം വിമർശിക്കപ്പെട്ടത് ഈ രണ്ട് വിശിഷ്ട്ടരായ പണ്ഡിതന്മാരും അനുമതി നൽകിയ ഒരു കാര്യത്തിനാകുന്നു".

ഞാൻ പറയുന്നു: ഈ സംഘടനയെന്നാൽ അത് കുവൈറ്റിലെ ഇഹ്യാ തുറാസ് എന്ന സംഘടനയാണ് അതിനു നേതൃത്വം നൽകുന്നത് അബ്ദു റഹ്മാൻ അബ്ദുൽ ഖാലിക്ക് എന്ന വ്യക്തിയും, അയാളുടെ അടുക്കൽ ചില ഗൂഢപ്രവർത്തനങ്ങളും അയാളുടെ മേൽ ചില വിമർശനങ്ങളും ഉണ്ട്, സലഫികൾക്കെതിരെയുള്ള അയാളുടെ കുത്തുവാക്കിലും ആക്ഷേപത്തിലും പെട്ടതാണ് അയാൾ ഇപ്രകാരം പറഞ്ഞത്: "തീർച്ചയായും കാര്യമെന്തെന്നാൽ ഇപ്പോഴും ഇടെക്കിടെയായി മുസ്‌ലിങ്ങൾക്കിടയിൽ ദീനിനെ സഹായിക്കലും സത്യത്തിന്റെ വാക്ക് പറയലും എന്നുമൊക്കെ വാദിച്ചുകൊണ്ട് ചിലർ വന്നുകൊണ്ടിരിക്കുന്നു, അവർ വിഗ്രഹങ്ങളുടെയും ശിർക്കിന്റെയും തോന്നിവാസത്തിന്റെയും കുഫ്റിന്റെയുമെല്ലാം ആളുകളെ ഒഴിവാക്കുകയും മുസ്‌ലിങ്ങളുടെ മേൽ അവന്റെ തൂലികയെ പ്രവൃത്തിപ്പിക്കുകയും ചെയ്യുന്നു, എന്നാൽ നാം അവരെ കണ്ടത് അല്ലാഹുവിലേക്ക് ദഅ്'വത്ത് നടത്തുന്ന പ്രബോധകന്മാരെ വ്യാപൃതമാക്കുകയും ചീത്തവിളിച്ചുകൊണ്ടും അപകീർത്തിപെടുത്തികൊണ്ടും അവരെ എതിരിടുകയും അവരുടെ ന്യൂനതകളെ കുറിച്ച് വ്യക്തമാക്കികൊണ്ട് രചനകൾ എഴുതുകയും ചെയ്യുകയെന്നതല്ലാതെ യാതൊരു ഉദ്ദേശവുമില്ലാത്തവരായിട്ടാണ്".

ഇത് സലഫികളെ ആക്ഷേപിക്കലും അവരെ കുറ്റം പറയലും ബിദ്അത്തുകാരെ എതിർക്കുന്നതായ അവരുടെ മാർഗത്തെ പരിഹസിക്കലുമാണ്, "എന്നാൽ നാം അവരെ കണ്ടത് അല്ലാഹുവിലേക്ക് ദഅ്'വത്ത് നടത്തുന്ന പ്രബോധകന്മാരിൽ വ്യാപൃതമാകുന്നതല്ലാതെ യാതൊരു ഉദ്ദേശവുമില്ലാത്തവരായിട്ടാണ്", എന്ന ഇയാളുടെ സംസാരത്തിൽ അല്ലാഹുവിലേക്ക് ദഅ്'വത്ത് നടത്തുന്നവർ എന്നത്കൊണ്ട് ഇയാൾ ഉദ്ദേശിക്കുന്നത് ഇഖ്‌വാനികളെയും സുറൂറികളെയും ഖുതുബികളെയും തക്ഫീരികളെയും (ഭരണാധികാരിക്കെതിരെ) ഇറങ്ങി പുറപ്പെടാൻ വേണ്ടി ഒരുക്കം കൂട്ടികൊണ്ടിരിക്കുന്ന ഖവാരിജുകളെയുമാണ്.

നാം ഇത്പൊലെ പറയുകയാണെങ്കിൽ അവർ (തക്ഫീരികൾ) അത് നിഷേധിക്കുമായിരുന്നു, എന്നാൽ ഇപ്പോൾ അവരിൽ നിന്നും സംഭവിച്ചിട്ടുള്ള സ്ഫോടനങ്ങളിലൂടെയും അവർ ഖുറൂജിന് വേണ്ടി ഒരുക്കികൊണ്ടിരുന്ന അവരുടെ ധനസമ്പാദനങ്ങളെയും

ആയുധ ശേഖരങ്ങളെയും വെളിപ്പെടുത്തികൊണ്ടും അള്ളാഹു അവരെ തുറന്ന്കാട്ടിയിരിക്കുന്നു, എന്നാൽ അബ്ദു റഹ്മാന് അബ്ദുൽ ഖാലിക്കിന്റെ സംസാരത്തിൽ നിന്ന്തന്നെ അയാൾ സ്വയം തക്ഫീരിയാണെന്നതിന് സൂചനയുണ്ട്, ഞാൻ നേരത്തെ എടുത്തുദ്ധരിച്ച ഭാഗത്തിന്റെ പൂർത്തീകരണത്തിൽ അയാൾ പറയുന്നു: "ഇത് (നേരത്തേ സൂചിപ്പിച്ചത്) ഏറ്റവും വലിയ പാപങ്ങളിൽ പെട്ടതും ഈമാനിന്റെ ഏറ്റവും കാതലായ അടിസ്ഥാനത്തെ പൊളിക്കുന്ന കാരണങ്ങളിലെ ഏറ്റവും ഗൗരവമുള്ളതിൽ പെട്ടതുമാകുന്നു, അത് (അല്ലാഹുവിന്റെ മാർഗ്ഗത്തിൽ) പരസ്പരം സ്നേഹിക്കുക എന്ന അടിസ്ഥാനമാണ്".

ബിദ്അത്തുകാർക്കെതിരിൽ സംസാരിക്കൽ ഇസ്ലാമിനെ പൊളിക്കുന്ന കാര്യമാണ് എന്നാണ് അവൻ ജൽപ്പിക്കുന്നത്, ഇത് തക്ഫീരികളുടെ മാർഗ്ഗമാണ്, ഞാൻ എടുത്തുദ്ധരിച്ചതായ ഈ ഉദ്ധരണി മുഹമ്മദ് മൂസാ അഷ്ഷെരീഫിന്റെ "അൽ-ഖുദ്വാത്തുൽ കിബാർ ബൈന തഅ്ളീം വൽ ഇമ്പിഹാർ" (p:66-67) എന്ന കിതാബിൽ നിന്നുള്ളതാണ്, അദ്ദേഹം (മുഹമ്മദ് മൂസ) ഈ ഉദ്ധരണിയെ (അതവാ ഞാൻ അതിൽ ചിലതിനെ ഉദ്ധരിച്ച) അബ്ദുറഹ്മാൻ അബ്ദുൽ ഖാലിക്കിന്റെ "അൽ വലാഅ' വൽ ബറാഅ'" എന്ന പുസ്തകത്തിലേക്ക് ചേർത്തിപറയുന്നു.

അല്ലെയോ ഷെയ്ഖ് അബ്ദുൽ മുഹ്സിൻ (حفظه الله) അവസാനമായികൊണ്ട് ഞാൻ പറയുന്നു:

തീർച്ചയായും ഈ സംഘടനയിൽ വെച്ച് മുൻകാലത്ത് നടന്ന ഷെയ്ഖ് ഇബ്നു ബാസിന്റെയും (رحمه الله) ഷെയ്ഖ് ഇബ്നു ഉസൈമീന്റെയും (رحمه الله) പ്രസംഗങ്ങൾ ഈ സംഘടനയ്ക്കുള്ള പ്രശംസയല്ല, ഒരുപക്ഷേ അവർ രണ്ടുപേരും പ്രസംഗിച്ചത് ആ സംഘടനയിലുള്ള ന്യൂനതകളെ കുറിച്ച് അറിയുന്നതിന് മുമ്പായിരിക്കാം.

അള്ളാഹുവിങ്കലാകുന്നു തൗഫീഖ്.

അതുപോലെ താങ്കൾ വ്യക്തികളെ പരീക്ഷിക്കേണ്ടതില്ല എന്ന് കാണുകയും അത് ബിദ്അത്താണെന്ന് വാദിക്കുകയും ചെയ്യുന്നു, താങ്കൾ അറിയുക അള്ളാഹു താങ്കൾക്ക് അറിവ് പ്രധാനം ചെയ്യട്ടെ: റസൂൽ ﷺ ഒരു അടിമ പെൺകുട്ടിയെ അദ്ദേഹത്തിന്റെ

ഈ വാക്കുകളാൽ പരീക്ഷിച്ചു: "അള്ളാഹു എവിടെയാണ്" അവൾ പറഞ്ഞു: ഉപരിയിൽ റസൂൽ ﷺ ചോദിച്ചു: "ഞാൻ ആരാണ്" അവൾ പറഞ്ഞു: നിങ്ങൾ അള്ളാഹുവിന്റെ റസൂലാണ്, അപ്പോൾ അദ്ദേഹം ﷺ പറഞ്ഞു: "ഇവളെ മോചിതയാക്കുക കാരണം ഇവളൊരു വിശ്വാസിനിയാണ്".

ചില സലഫുകൾ പറഞ്ഞു: "അഹ്ലുൽ ബിദ്അത്തിന്റെ അടയാളങ്ങളിൽ പെട്ടതാണ് അഹ്ലു സുന്നയെ ആക്ഷേപിക്കുകയെന്നത്".

അതുപോലെ അവർ പറഞ്ഞു: "കൂഫയിൽ നിന്നൊരുവൻ സുഫ്യാനുസൗരിക്കെതിരെ (رضي الله عنه) സംസാരിക്കുന്നത് കേട്ടാൽ അവനൊരു ശീഇൗയാണെന്ന് നീ അറിയുക, മർവിൽ നിന്നൊരുവൻ അബ്ദുള്ളാഹിബ്നു മുബാറക്കിനെ കുറിച്ച് സംസാരിക്കുന്നത് കേട്ടാൽ അവനൊരു ജഹ്മിയാണെന്ന് നീ അറിയുക".

അതുപോലെ അവർ പറഞ്ഞു: "ആരാണോ അവന്റെ ബിദ്അത്തിനെ ഞങ്ങളിൽ നിന്ന് മറച്ചു വെച്ചത് അവന്റെ ഇണക്കം (ആരുമായിട്ടാണോ) നമ്മുടെ മേൽ ഗോപ്യമാവുകയില്ല" അവൻ ആരുമായിട്ടാണോ കൂട്ടുകൂടുന്നത് അവരിലൂടെ അവനൊരു ബിദ്അത്തുകാരനാണെന്ന് അറിയപെടുന്നതാണ്, കാരണം അവൻ ആരുടെ മാർഗത്തെയാണോ തൃപ്തിപ്പെട്ടത് അവരുമായല്ലാതെ അവൻ കൂട്ടുകൂടുകയോ ഇണങ്ങിച്ചേരുകയോ ഇല്ല.

**അവസാനമായി :**

ഇത് ഒരു സഹോദരനിൽ നിന്ന് മറ്റൊരു സഹോദരനുള്ള സംക്ഷിപ്തമായ ഉപദേശമാണ്, അതിലൂടെ ഞാൻ ആഗ്രഹിച്ചത് താങ്കളെ ചില കാര്യങ്ങളെ കുറിച്ച് ഉണർത്താനാണ്. എല്ലാവരുടെയും അവസ്ഥകളെ നന്നാക്കാൻ ഞാൻ അള്ളാഹുവിനോട് തേടുകയാണ്, ഈ ദുനിയാവിലും ആഖിറത്തിലും ഏറ്റവും നന്നായിട്ടുള്ളതിലേക്ക് അല്ലാഹു നമ്മെ ശെരിപ്പെടുത്തട്ടെ, തീർച്ചയായും അവൻ എല്ലാം (അടിമകളുടെ വിളി) കേൾക്കുന്നവനും (പ്രാർത്ഥനക്ക് ഉത്തരം നൽകുന്നവനായി) സമീപസ്ഥനുമാകുന്നു. അതുപോലെ

കോപിക്കപെട്ട ഹിസ്ബിയ്യത്തിൽ നിന്നും നമ്മെ മോചിപ്പിക്കാനും നമ്മുടെ പ്രവർത്തനങ്ങളെ അല്ലാഹുവിന്റെ മുഖം കാംക്ഷിച്ചുകൊണ്ടുള്ള നിഷ്കളങ്കവും അവന്റെ തൃപ്തി ഉദ്ദേശിക്കപ്പെടുന്നതുമായതാക്കാനും (അല്ലാഹുവിനോട് നാം തേടുന്നു).

---

വിവർത്തനം:

അബൂ ആദം റഷാദ് ബ്നു അലി അൽ ഹിന്ദി ثبته الله

പരിശോധന:

അബൂ ഫർഹാ ഷാഹിദ് ബ്നു അബ്ദിൽ വാഹിദ് അൽ ഹിന്ദി ثبته الله

**وصلى الله على نبينا محمد وعلى آله وصحبه**

---

www.uloomussunnah.com

# രിഫ്ഖൻ അഹ്ലസ്സുന്നക്ക്

## അൽ-അല്ലാമത്തു-ന്നജ്മിയുടെ رحمه الله تعالى

## മനോഹരമായ മറുപടി

مركز علوم السنة
MARKAZU ULOOMISSUNNAH

70# ബിസ്റ, ബിസ്മില്ലാഹ് റോഡ്,
മേലാക്കം, മഞ്ചേരി, 676123
മലപ്പുറം, കേരള

www.uloomussunnah.com T.me/uloomussunnah